കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.lfa.kerala.gov.in**

# പഴയകുന്നുമ്മേൽ ഗ്രാമ പഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

## 2017-18

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,
തിരുവനന്തപുരം

e-mail : lfadtvm@yahoo.in
dotvm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.9/464 /2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,
തിരുവനന്തപുരം,
Phone No : 0471-2331231
Email : lfadtvm@yahoo.in
തീയതി : 6.4.2019

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന ),
പഴയകുന്നുമ്മേൽ ഗ്രാമപഞ്ചായത്ത്.

സർ,

വിഷയം : പഴയകുന്നുമ്മേൽ ഗ്രാമപഞ്ചായത്ത് - 2017-18സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215 (4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പഴയകുന്നുമ്മേൽ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) - ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, 3 എന്നിവയിലെ ഖണ്ഡികയിലേക്ക് പ്രത്യേകം ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15 (1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21 (1 ) (2) എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2) ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പഞ്ചായത്ത്, തിരുവനന്തപുരം

3) കാര്യാലയ പകർപ്പ്, 4) സ്പെയർ

നം.കെ.എസ്.എ.റ്റി.വി.എം/ജി.പി. **9/464/2019**

തീയതി **: 6.4.2019**

## തിരുവനന്തപുരം ജില്ലയിലെ പഴയകുന്നുമ്മേൽ ഗ്രാമപഞ്ചായത്തിന്റെ **2017-18** സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

തിരുവനന്തപുരം ജില്ലയിലെ പഴയകുന്നുമ്മേൽ ഗ്രാമപഞ്ചായത്തിന്റെ **2017-18** സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.04.2017 മുതൽ 31.03.2018 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം

പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 41അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 29 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. പ്രസ്തുത മറുപടികളും വിശദീകരണങ്ങളും പരിഗണിച്ചുകൊണ്ടാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

**(എ)** ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ : ശ്രീ. സാജൻലാൽ എസ്.ജെ
ഡെപ്യൂട്ടി ഡയറക്ടർ

ഓഡിറ്റിന് വിനിയോഗിച്ച സമയം : 16.03.2019 മുതൽ 23.03.019 വരെ

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ : ശ്രീമതി.ശ്രീജ.കെ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീ. മുഹമ്മദ് സലീം.എ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി ബിന്ദു.ഒ,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി ജയലക്ഷ്മി.ബി.കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി സീന.കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. ലിപു.എസ്.ലോറൻസ്, ഓഡിറ്റർ
ശ്രീ. സഫീർ അഹമ്മദ് അബ്ദുൽ റൗഫ്, ഓഡിറ്റർ

**(ബി)** നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി സിന്ധു.എസ്.നീലാംബരി<br>കാനാറ, കിളിമാനൂർ | 01.04.2017മുതൽ 31.03.2018വരെ |
| സെക്രട്ടറി | ശ്രീ. എൻ.ഷാജി<br>ചെമ്മരുത്ത് മുക്ക്<br>നഗരൂർ | 01.04.2017മുതൽ 30.11.2017വരെ |
| | ശ്രീമതി ഡി.എസ്.ലതിക<br>ശിവ പ്രിയ, എൻ.എസ്.എസ് നഗർ,<br>വട്ടപ്പാറ | 31.11.2017 മുതൽ 31.03.2018 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | ഉദ്യോഗസ്ഥന്റെ പേര്, വിലാസം | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ്എഞ്ചിനീയർ | ശ്രീ. മഹേഷ്.റ്റി.എസ്<br>തേജസ്, മാവേലി നഗർ,<br>വാമനപുരം | 01.04.2017മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.ബിസിനി,<br>റ്റി.സി 8/1080, വെൺമതി,<br>പോങ്ങുംമൂട്,<br>മെഡിക്കൽ കോളേജ് | 01.04.2017 മുതൽ 22.07.2017 വരെ |
| | ഡോ.സോജ.ആർ<br>ചന്ദ്രിക ലാന്റ്<br>കോട്ടോക്കരി,<br>മുരുക്കുംപുഴ | 23.07.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ സി.എച്ച്.സി. | ഡോ.ഷീജ.എം.പി<br>കൃഷ്ണ ജഗത് | 01.04.2017 മുതൽ 31.03.2018 വരെ |

| | | |
|---|---|---|
| | റ്റി.സി 16/507<br>EVRA-75<br>ജഗതി,തൈക്കാട് | |
| വെറ്ററിനറി സർജൻ | ഡോ.സുരേഷ് കുമാർ<br>പൂയം, കിഴക്കമ്പലം<br>പാരിപ്പള്ളി, കൊല്ലം | 01.04.2017 മുതൽ<br>31.03.2018 വരെ |
| ഹെഡ്മാസ്റ്റർ | ശ്രീമതി ശശികല.എം.എസ്<br>ഭാവന, ഞാവേലിക്കോണം<br>കിളിമാനൂർ | 01.04.2017 മുതൽ<br>31.03.2018 വരെ |
| ഐ.സി.ഡി. എസ്.<br>സൂപ്പർവൈസർ | റ്റിറ്റി.ബി.ജി<br>പുണർതം, ചരിവ്പറമ്പ് പി.ഒ,<br>കടയ്ക്കൽ | 01.04.2017 മുതൽ<br>20.08.2017 വരെ |
| | ശ്രീമതി. സീമ തമ്പി<br>ശ്യാം സദൻ,<br>സ്വാതിനഗർ ലൈൻ<br>പേരൂർക്കട.പി.ഒ | 21.08.2017 മുതൽ<br>31.03.2018 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ<br>(സർക്കിൾ -1) | ശ്രീ. എ.വി.നിഹാദ്<br>കുഴിവിള വീട്, മഞ്ഞപ്പാറ, കൊല്ലം | 01.04.2017 മുതൽ<br>31.03.2018 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ<br>(സർക്കിൾ-2) | ശ്രീമതി. രശ്മി.എസ്.ആർ<br>ശരത് ഭവൻ,<br>ചെറുനങ്ങാട്, പുത്തൂർ പി.ഒ, കൊല്ലം | 01.04.2017 മുതൽ<br>31.03.2018 വരെ |
| കൃഷി ഓഫീസർ | ശ്രീമതി.സാബിത.എസ്.ആർ<br>എസ്.എൽ മൻസിൽ<br>ചെങ്കോട്ടുക്കോണം എൽ.പി.എസിനു സമീപം<br>ഉണ്ടത്തിൽ പി.ഒ, കാര്യവട്ടം | 01.04.2017 മുതൽ<br>31.03.2018 വരെ |
| അസി.സെക്രട്ടറി | ശ്രീ.കെ.വിക്രമൻപിള്ള<br>ഭഗവതി വിലാസം<br>നാവായിക്കുളം | 01.04.2017 മുതൽ<br>31.03.2018 വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ.റിയാസ്.എ.എം<br>കാതിരിയ മൻസിൽ<br>ചടയമംഗലം | 01.04.2017 മുതൽ<br>08.11.2017 വരെ |
| | ശ്രീമതി.സുജാതകുമാരി.ആർ.ജി<br>ഗോകുലം,മാവേലിക്കോണം<br>വെഞ്ഞാറമൂട്.പി.ഒ | 09.11.2017 മുതൽ<br>31.03.2018 വരെ |

ഉള്ളടക്കം


| ക്രമ നം. | | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| **ഭാഗം 1** | | | |
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |

| | | | |
|---|---|---|---|
| 6 | പദ്ധതി അവലോകനം. | 1-6 | |
| 7 | തൊഴിലുറപ്പ് പദ്ധതി. | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | ആഭ്യന്തര നിയന്ത്രണം. | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| 12 | വാർഷിക കണക്കുകളിലെ അപാകതകൾ | 1-12 | |
| ഭാഗം **2** | | | |
| 13 | തൊഴിൽ നികുതിയും സ്ഥാപന നികുതിയും ഈടാക്കിയിട്ടില്ല പഞ്ചായത്തിന്റെ വരുമാനത്തിൽ 7500/-രൂപയുടെ നഷ്ടം. | 2-1 | |
| 14 | ജീവനക്കാരുടെ ശമ്പള വിവരപത്രിക ഇല്ലാതെ തൊഴിൽ നികുതി ഈടാക്കിയിരിക്കുന്നു. | 2-2 | |
| 15 | സ്റ്റാറ്റസ് റിപ്പോർട്ടിൽ ഉൾപ്പെട്ട എല്ലാ സ്ഥാപനങ്ങളുടെയും തൊഴിൽ നികുതിയും സ്ഥാപന നികുതിയും ഈടാക്കിയിട്ടില്ല. | 2-3 | |
| 16 | ലേല തുക ഈടാക്കായില്ല പഞ്ചായത്തിനു നഷ്ടം | 2-4 | |
| 17 | അടിസ്ഥാന വസ്തുനികുതി നിർണ്ണയത്തിൽ അപാകം | 2-5 | |
| 18 | മൊബൈൽ ടവറുകളുടെ വസ്തുനികുതി - കുടിശ്ശിക ഈടാക്കേണ്ടതാണ്. | 2-6 | |
| 19 | ഡി ആന്റ് ഒ ലൈസൻസ് അപാകങ്ങൾ | 2-7 | |
| 20 | ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ – രജിസ്റ്ററിന്റെ അഭാവം - വരവ് നഷ്ടത്തിന് സാദ്ധ്യത | 2-8 | |
| 21 | ടെണ്ടർ ഫോം വില ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. | 2-9 | |
| 22 | മരാമത്ത് പണികൾ–കരാർ ചമക്കുന്നതിലെ കാലതാമസം-പിഴ ഈടാക്കിയിട്ടില്ല. 10605/- രൂപ ഈടാക്കേണ്ടതാണ്. | 2-10 | |
| ഭാഗം **3** | | | |
| 23 | ഡെപ്പോസിറ്റ് പ്രവൃത്തികൾ പൂർത്തിയാക്കി യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ലഭ്യമാക്കണം. | 3-1 | |
| 24 | പൗരാവകാശ രേഖ- പ്രോജക്ട് ലക്ഷ്യം കൈവരിച്ചില്ല | 3-2 | |
| 25 | കൃഷിയും അനുബന്ധമേഖലയും- പ്രോജക്ട് രൂപീകരണത്തിൽ വർക്കിംഗ് ഗ്രൂപ്പ് നിർദ്ദേശവും സ്റ്റാറ്റസ് റിപ്പോർട്ട് അവസ്ഥാവിശകലനവും യഥാവിധി നടപ്പാക്കുന്നില്ല | 3-3 | |
| 26 | തൊഴിലുറപ്പ് പദ്ധതി - ഫയൽ സൂക്ഷിപ്പ് തൃപ്തികരമല്ല | 3-4 | |
| 27 | ആസ്തി രജിസ്റ്ററിൽ ആസ്തി യൂണിക്ക് നമ്പർ പ്രവൃത്തികൾ പൂർത്തിയാക്കുന്നു. | 3-5 | |
| 28 | എംബാങ്ക്മെന്റ് നിർമ്മാണത്തിന് കുഴിച്ചെടുത്ത മണ്ണ് ഉപയോഗിക്കാത്തതു മൂലം അധികച്ചെലവ്- 14,283/-രൂപ നിരാകരിക്കുന്നു. | 3-6 | |

| | | | |
|---|---|---|---|
| 29 | മരാമത്ത് പ്രവൃത്തി-പൂർണ്ണമായ എസ്റ്റിമേറ്റ് തയ്യാറാക്കി സമയബന്ധിതമായി പൂർത്തിയാക്കാത്തത് മരാമത്ത് ചട്ടങ്ങൾക്ക് വിരുദ്ധം | 3-7 | |
| 30 | ആരോഗ്യമേഖലയിലെ ഗുരുതര പ്രശ്നമായി അവസ്ഥാ വിശകലനത്തിൽ സൂചിപ്പിച്ചിട്ടുള്ള വിഷയങ്ങളിൽ പ്രോജക്ട് രൂപീകരിച്ചിട്ടില്ല | 3-8 | |
| 31 | പാലിയേറ്റീവ് കെയർ - പ്രോജക്ട് നടത്തിപ്പിലെ അപാകതകൾ | 3-9 | |
| 32 | പാലിയേറ്റീവ് കെയർ പ്രോജക്ട് രൂപീകരണം - മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല | 3-10 | |
| 33 | അങ്കണവാടി പോഷകാഹാര വിതരണം മോണിറ്റർ ചെയ്യുന്നില്ല | 3-11 | |
| 34 | " കട്ടിൽ വാങ്ങൽ പ്രോജക്ട് " - ജി എസ് ടി നല്കിയതിൽ പിഴവ് | 3-12 | |
| 35 | ക്യാരിബാഗ് നിർമ്മാണ യൂണിറ്റ് - അപാകങ്ങൾ | 3-13 | |
| ഭാഗം 4 | | | |
| 36 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |
| 37 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 38 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 39 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 | |
| 40 | സ്ഥിരനിക്ഷേപങ്ങൾ | 4-5 | |
| 41 | ഓഡിറ്റ് റിക്കവറി | 4-6 | |
| 42 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 | |
| 43 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-8 | |
| 44 | ഓഡിറ്റ് പ്രത്യവലോകനം | 4-9 | |
| 45 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 | |


# ഭാഗം 1

## പൊതു അവലോകനം

### 1-1 ബജറ്റ്

2017-18സാമ്പത്തിക വർഷത്തെ ബജറ്റ് 24.03.2017 തീയതിയിലെ 1 (i) നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. മുന്നിരിപ്പ് ഉൾപ്പെടെ 18,88,09,512.40/- രൂപ വരവും 17,47,67,000/- രൂപ ചെലവുമാണ് പ്രതീക്ഷിച്ചിരുന്നത്. എന്നാൽ യഥാർത്ഥ വരവ് 8,59,25,520.04/- രൂപയും (മുന്നിരിപ്പ് ഉൾപ്പെടെ) ചെലവ് 7,45,99,302/- രൂപയുമാണ്. (റസീപ്റ്റ് & പേമെന്റ് പ്രകാരം).

### 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2018 | 25.06.2018 | - | - |

### 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷൻ കണക്കുകൾ പരിശോധിച്ച തീയതി | റിപ്പോർട്ട് നമ്പർ |
|---|---|---|

| | | |
|---|---|---|
| 2017-18 | 9.7.2018 മുതൽ 10.7.2018 വരെ | കെ.എസ്എ.റ്റി.വി.എം.ജി.പി.9/1652/2018 തീയതി 30.7.2018 |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 13453293.04 |
| വരവ് | 72472227 |
| ആകെ | 85925520.04 |
| ചെലവ് | 74599302 |
| നീക്കിയിരിപ്പ് | 11326218.04 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻ വർഷ വരവ് | ആകെ വരവ് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട് (പൊതുവിഭാഗം) | 0 | 15553253 | 15553253 | 15553253 | 0 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 8940337 | 8940337 | 8940337 | 0 |
| വികസന ഫണ്ട് (ടി.എസ്.പി) | 0 | 105200 | 105200 | 105200 | 0 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 7404924 | 7404924 | 7404924 | 0 |
| പെർഫോമൻസ് ഗ്രാന്റ് | 0 | 3409238 | 3409238 | 3409238 | 0 |
| സംരക്ഷണ ഗ്രാന്റ് (നോൺ റോഡ്) | 0 | 2324521 | 2324521 | 2324521 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 3757099 | 3757099 | 3757099 | 0 |
| ബി ഫണ്ട് | 0 | 221160 | 221160 | 221160 | 0 |
| എം.എൻ.ആർ.ഇ. ജി.എസ്. | 2621 | 637903 | 640524 | 570716 | 69808 |
| ഡിസിബി റ്റിവിഎം 223 | 10411356 | 18084759 | 28496115 | 17749559 | 10746556 |
| VPFA 1 | 31259 | 0 | 31259 | 31259 | 0 |
| Special TSB-joint venture | 20374 | 1003159 | 1023533 | 1023533 | 0 |
| ട്രഷറി റ്റി.എസ്.ബി | 2328639 | 11015751 | 13344390 | 12968729 | 375661 |
| SBT സാക്ഷരത | 55084.64 | 1481 | 56565.64 | 0 | 56565.64 |
| SBI e payment | 0 | 17636 | 17636 | 649 | 16987 |
| Cash | 603959 | 0 | 603959 | 543319 | 60640 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകളുടെയും നടപ്പാക്കിയ പ്രോജക്ടുകളുടെയും വിവരം ചുവടെ കൊടുത്തിരിക്കുന്നു.

| നിർവഹണ ഉദ്യോഗസ്ഥർ | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| കൃഷി ഓഫീസർ | 11 | 3824515 | 11 | 2821185 | | 0 | 100 |
| വെറ്ററിനറി സർജൻ | 10 | 3803145 | 10 | 3178093 | | 0 | 100 |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 9 | 1624672 | 8 | 1338188 | | 1 | 89 |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | 4 | 438206 | 4 | 438200 | | 0 | 100 |
| വി.ഇ.ഒ-1 | 9 | 4319300 | 4 | 2434059 | | 5 | 44 |
| വി.ഇ.ഒ -2 | 5 | 4277500 | 4 | 3782500 | 1 | 0 | 80 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 8 | 5504045 | 8 | 4923197 | | 0 | 100 |
| സെക്രട്ടറി | 22 | 5338328 | 15 | 1982849 | | 7 | 68 |
| ഹെഡ്മാസ്റ്റർ | 11 | 2364256 | 11 | 2302644 | | 0 | 100 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 100 | 38850638 | 61 | 22459338 | 0 | 39 | 61 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 2 | 674659 | 2 | 361971 | | 0 | 100 |
| അസിസ്റ്റന്റ് സെക്രട്ടറി | 2 | 180000 | 2 | 69900 | | 0 | 100 |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവുകൾ | 2621 | 637903 | 640524 | 570716 | 69808 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 10323710 | 10323710 | 10323710 | 0 |

| | | | | | |
|---|---|---|---|---|---|
| ആകെ | 2621 | 10961613 | 10964234 | 10894426 | 69808 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 2,21,160 | 380 |
| കർഷകതൊഴിലാളി പെൻഷൻ | 51,73,300 | 448 |
| വിധവാപെൻഷൻ | 1,65,71,800 | 1570 |
| വാർദ്ധക്യകാലപെൻഷൻ | 2,20,99,400 | 2178 |
| വികലാംഗപെൻഷൻ | 31,05,200 | 310 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള ധനസഹായം | 2,21,500 | 26 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് 22.3.2019ന് പരിശോധന പഞ്ചായത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 62,265/-രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണസംവിധാനം മെച്ചപ്പെടേണ്ടതുണ്ട്. സെക്രട്ടറി ഓഫീസ് ഉത്തരവുകൾ പുറപ്പെടുവിച്ച് ജീവനക്കാർക്ക് ജോലി വിഭജിച്ച നൽകിയിട്ടുണ്ട്. വൗച്ചർ പരിശോധനയിൽ വൗച്ചറുകൾ പ്രസിഡന്റ് ചെലവ് അംഗീകരിക്കുന്നതിലും ബിൽ, ഇൻവോയ്സ്, ക്യാഷ് മെമ്മോ എന്നിവ ക്യാൻസൽ ചെയ്യുന്നതിലും ശ്രദ്ധ പുലർത്തിയിട്ടില്ല. പഞ്ചായത്തിലെ അക്കൗണ്ടിംഗ് സമ്പ്രദായം കുറ്റമറ്റതാകേണ്ടതുണ്ട്. പണംസ്വീകരിക്കുന്നതിനും, ഡെപ്പോസിറ്റ് ചെയ്യുന്നതിനും വ്യത്യസ്ത സെക്ഷനുകൾക്ക് ചുമതല വിഭജിച്ച നല്കിയിട്ടുണ്ട്. വരവുകൾ കൃത്യമായി തിട്ടപ്പെടുത്തുകയും ഈടാക്കുകയും ചെയ്യുന്നുവെന്ന് ഉറപ്പ് വരുത്തുന്നതിന് മതിയായ സംവിധാനം ഇല്ല.

മരാമത്ത് പ്രവൃത്തികൾ സംബന്ധിച്ച അളവ് പുസ്തകവും ഫയലുകളും സൂക്ഷിക്കുന്നുവെങ്കിലും ആസ്തി രജിസ്റ്റർ കാലികമാക്കുന്നില്ല. ഓഫീസ് വാഹനത്തിന്റെ പരിപാലനവും, രജിസ്റ്ററുകൾ രേഖകൾ എന്നിവയുടെ സൂക്ഷിപ്പും മെച്ചപ്പെടേണ്ടതുണ്ട്. ഭരണപരമായ നയങ്ങളുടെ പരിപാലനം നടപടിക്രമങ്ങൾ, കടമകൾ എന്നിവ നിറവേറ്റുന്നതിൽ പഞ്ചായത്ത് ഏറെക്കുറെ തൃപ്തികരമായ പ്രവർത്തനം നടത്തിയിട്ടുണ്ട്. ഗുണഭോക്തൃ തെരഞ്ഞെടുപ്പ് സർക്കാർ നിർദ്ദേശം പാലിച്ച് കുറ്റമറ്റതാക്കാൻ ശ്രദ്ധിക്കേണ്ടതുണ്ട്.

ബസ് സ്റ്റാന്റ് ഗേറ്റ് ഫീസ് പിരിവിന്റെ സ്റ്റോക്ക് രജിസ്റ്റർ മേൽനോട്ടച്ചുമതലയുള്ള ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല. സ്റ്റോക്ക് രജിസ്റ്റർ ഫോം നം. 17 പ്രകാരം തയ്യാറാക്കിയിട്ടുണ്ടെങ്കിലും കൃത്യമായ വിവരങ്ങളുടെ രേഖപ്പെടുത്തലുകളുടെ അഭാവം ശ്രദ്ധയിൽപ്പെട്ടു.

ഫ്രണ്ട് ഓഫീസ് പ്രവർത്തനം കാര്യക്ഷമമായും ഫലപ്രദമായും നടക്കുന്നു എന്ന് ഉറപ്പ് വരുത്തുന്നതിന് പഞ്ചായത്ത് തലത്തിൽ പഞ്ചായത്ത് പ്രസിഡന്റ് ചെയർപേർസണും സെക്രട്ടറി കൺവീനറുമായി രൂപീകരിച്ച മോണിറ്ററിംഗ് സമിതി പ്രതിമാസ അവലോകനം നടത്തി നിർദ്ദേശങ്ങൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നൽകുന്നതിൽ വീഴ്ച സംഭവിച്ചിട്ടുണ്ട്. ഫ്രണ്ട് ഓഫീസ് ഡയറി സർക്കാർ പുറപ്പെടുവിച്ച മാർഗ്ഗരേഖ പ്രകാരം (സ.ഉ.(കൈ) നം. 123/2009/തസ്വഭവ തീ.2.7.2009) തയ്യാറാക്കി സൂക്ഷിക്കുന്നില്ല.

പദ്ധതികൾക്ക് രൂപം കൊടുക്കുമ്പോൾ അവ പൂർണ്ണമായി നിർവ്വഹിക്കാനാകും എന്ന് ഉറപ്പുവരുത്തേണ്ടതാണ്. ദുർബലവിഭാഗങ്ങളെ ലക്ഷ്യം വച്ച് തയ്യാറാക്കുന്ന പദ്ധതികളിൽ തുക പൂർണ്ണമായി ചെലവഴിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ഗുണഭോക്താക്കളാകാൻ അപേക്ഷ സമർപ്പിക്കുന്നവർക്ക് ഏതെങ്കിലും രേഖകളുടെ അഭാവം കാരണം അവസരം നഷ്ടപ്പെടുന്ന അവസ്ഥ ഒഴിവാക്കാൻ, ആവശ്യമായ രേഖകൾ സ്വന്തമാക്കാൻ ഗുണഭോക്താക്കളെ ബോധവത്ക്കരിക്കുകയും സഹായിക്കുകയും ചെയ്യേണ്ടതാണ്. ഗുണഭോക്താക്കളുടെ അപേക്ഷ കളിൽ പരിശോധിച്ച ഉദ്യോഗസ്ഥന്റെ പേര്,ഒപ്പ്,ഗ്രാമസഭ തീരുമാനം,ഭരണസമിതി തീരുമാനം എന്നിവ ഉൾപ്പെടുത്തേണ്ടതാണ്.

ധനകാര്യ ഇടപെടലുകളുടെ കൃത്യത, പൂർണത, നിയമസാധുത എന്നിവ ഉറപ്പാക്കാൻ ഗ്രാമപഞ്ചായത്ത് ഇനിയും മുന്നോട്ട് പോകേണ്ടതുണ്ടെന്ന് വിലയിരുത്തുന്നു. ഭരണ-ഉദ്യോഗസ്ഥ തലത്തിലെ ഏകോപനം കൂടുതൽ മെച്ചപ്പെടുത്തി ഭരണം ചലനാത്മകമാക്കേണ്ടതുണ്ട്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 10.2.2019 | 31.1.2019 വരെ | റിപ്പോർട്ട് ലഭ്യമല്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 31.08.2017 മുതൽ 16.09.2017 വരെ | 2012-13 മുതൽ 2016-17 | 17/10/2017 |

## 1-12 വാർഷികകണക്കുകളിലെ അപാകതകൾ

**(1)** നബാർഡ് വിഹിതം തനത് ഫണ്ടിലേക്ക് തിരികെ ഈടാക്കണം

പറണ്ടക്കുഴി അങ്കണവാടി നിർമ്മാണത്തിന് (154/18 (സ്പിൽഓവർ)) 36,000/- രൂപ വികസനഫണ്ടും 86,000/- രൂപ തനത് ഫണ്ടും 6,88,000/- രൂപ നബാർഡ് ധനസഹായവുമുൾപ്പെടെ 8,10,000/- രൂപയുടെ പ്രോജക്ട് അംഗീകാരം നേടി അസി. എഞ്ചിനിയർ നിർവ്വഹണം നടത്തിയിട്ടുണ്ട്. പ്രസ്തുത പ്രോജക്റ്റിന് സർക്കാർ ഉത്തരവ് പ്രകാരം നബാർഡ് ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് തനത് ഫണ്ടിൽ റീക്കൂപ്പ് ചെയ്യേണ്ടതാണെന്ന വ്യവസ്ഥയിൽ തനത് ഫണ്ടിൽ നിന്നും ചെലവ് ചെയ്യാൻ ഗ്രാമപഞ്ചായത്തിനെ അനുവദിച്ചിട്ടുണ്ട് (ജി.ഒ.ആർ.ടി നം. 3120/2015/തസ്വഭവ/ 25.03.15). അപ്രകാരം ഗ്രാമപഞ്ചായത്ത്, കരാറുകാരന് തനത് ഫണ്ടിൽ നിന്നും തുക നൽകിയിട്ടുണ്ട്. (ചെക്ക് നം. 2033871 തീ.8.8.17- 6880/-, ചെക്ക് നം. 2033870 തീ. 8.8.17 - 27520, ചെക്ക് നം. 2033873 തീ.8.8.17 – 646720/-, ചെക്ക് നം. 2033872 തീ.8.8.17 – 6880/-) എന്നിവ പ്രകാരം 688000 രൂപ നൽകുകയും പ്രസ്തുത തുക ബാലൻസ് ഷീറ്റിലെ ബി.18 ഷെഡ്യൂളിൽ 460100103 എന്ന ശീർഷകത്തിൽ സൂചിപ്പിക്കുകയും ചെയ്തു. എന്നാൽ നബാർഡ് വിഹിതമായ 6,88,000/- രൂപയിൽ 6,86,000/- രൂപ 10.11.2017ൽ ഗ്രാമപഞ്ചായത്തിന് ലഭിച്ചിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി 12ന്റെ മറുപടി). ഈ തുക നാളിതുവരെ തനത്ഫണ്ടിലേക്ക് റീക്കൂപ്പ് ചെയ്തിട്ടില്ല. പ്രസ്തുത തുക റീക്കൂപ്പ് ചെയ്യാൻ നടപടി സ്വീകരിക്കണം.

**(2)** കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരികെ അടച്ച തുക അക്കൗണ്ടിൽ ചേർത്തിട്ടില്ല.

104/18 - പാലിന് സബ്സിഡി - വനിത എന്ന പദ്ധതി പ്രകാരം അടയമൺ, കിളിമാനൂർ, നെല്ലിടപ്പാറ, തട്ടത്തുമല എന്നീ ക്ഷീരസംഘങ്ങൾക്കാണ് ഈ ആനുകൂല്യം നാല് ഗഡുക്കളായി വിതരണം ചെയ്യുന്നത്. എന്നാൽ തട്ടത്തുമല ക്ഷീരസഹകരണ സംഘത്തിലെ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യാതെ 76,764/- രൂപ കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരിച്ചടച്ചു (ചലാൻ നം. KL005206204201819M തീ.18.8.2018). പ്രസ്തുത വിവരം 2017-18 വാർഷിക ധനകാര്യ പത്രികയിൽ ഉൾപെട്ടിട്ടില്ല. ഈ തുക ഈ വർഷത്തെ വാർഷിക ധനകാര്യ പത്രികയിൽ പ്രയർ പിരിയഡ് എക്സ്പൻസ് എന്ന ശീർഷകത്തിലുൾപ്പെടുത്തി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**(3)** എൻ.ആർ.ഇ.ജി.എസ്.– I-6 പ്രകാരം 1,09,04,716/- രൂപയും I-14-(a) പ്രകാരം

1,09,15,006/-രൂപയുമാണ്. 10,290/-രൂപയുടെ വ്യത്യാസം വാർഷിക ധനകാര്യ പത്രികയിൽ പ്രതിഫലിച്ചിട്ടില്ല.

**(4)** ഡിപ്പോസിറ്റ് വർക്ക് ഇലക്ട്രിസിറ്റി പോസ്റ്റ് മാറ്റൽ 56,090/- രൂപ 2017-18 വർഷം യു.സി. ലഭ്യമായതാണ്. പ്രസ്തുത തുക B-18ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ചെലവ് വന്ന തുക തൻവർഷത്തെ വാർഷിക ധനകാര്യ പത്രികയിൽ ചെലവായി ഉൾപ്പെടുത്തിയിട്ടില്ല.

## ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 തൊഴിൽ നികുതിയും സ്ഥാപന നികുതിയും ഈടാക്കിയിട്ടില്ല പഞ്ചായത്തിന്റെ വരുമാനത്തിൽ 7,500/-രൂപയുടെ നഷ്ടം.

കേരള പഞ്ചായത്ത് രാജ് ആക്ട് 204 (1), 204 (ബി)(3) എന്നിവ പ്രകാരം ഗ്രാമപഞ്ചായത്തിൽ അറുപത് ദിവസത്തിൽ കുറയാതെ താമസിക്കുകയും മുതൽ മുടക്കുകളിൽ നിന്നും എന്തെങ്കിലും ആദായം ലഭിച്ചു കൊണ്ടിരിക്കുകയും ചെയ്യുന്ന വ്യക്തിയിൽ നിന്നോ കമ്പനിയിൽ നിന്നോ ഓരോ അർദ്ധവർഷവും നിർണ്ണയിക്കപ്പെട്ട് പരമാവധി നിരക്കുകളിൽ കവിയാതെ ഗ്രാമപഞ്ചായത്തിന് നികുതി ചുമത്താമെന്നുണ്ട്. എന്നാൽ സ്ഥാപനങ്ങളുടെ/ വ്യക്തികളുടെ പൂർണ്ണമായ വിവരശേഖരണം വാർഡടിസ്ഥാനത്തിൽ നടത്തി സ്ഥാപന രജിസ്റ്റർ/ട്രേയ്ഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിക്കുന്നതിൽ വീഴ്ചയുണ്ട്. ലഭ്യമായ അപേക്ഷയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ രജിസ്റ്റർ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ തൊഴിൽ നികുതിയും സ്ഥാപന തൊഴിൽ നികുതിയും ചുമത്തിയിട്ടില്ല.

*വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.*

**(a)** ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കാത്ത സ്ഥാപനങ്ങൾ

| സ്ഥാപനം | അർദ്ധ വർഷം |
|---|---|
| വിദ്യാജ്യോതി സ്കൂൾ | 1 |
| പി.ഐ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഞ്ചിനീയറിംഗ് | 2 |
| എസ്.വി.ഡെന്റൽ ക്ലിനിക്ക് | 2 |
| അടയമൺ മിൽക്ക് സൊസൈറ്റി | 2 |

**(b)** സ്ഥാപന നികുതി ഈടാക്കാത്ത സ്ഥാപനങ്ങൾ

| സ്ഥാപനം | അർദ്ധ വർഷം | ഈടാക്കേണ്ട തുക |
|---|---|---|
| ബി എസ് എൻ എൽ | 1,2 | 2500 |
| കോർപ്പറേഷൻ ബാങ്ക് | 1,2 | 2500 |
| അടയമൺ മിൽക്ക് സൊസൈറ്റി | 2 | 1250 |
| പി.ഐ. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഞ്ചിനീയറിംഗ് | 2 | 1250 |
| | ആകെ | 7500 |

ഓഡിറ്റ് എൻക്വയറി നം 16/19 നുള്ള മറുപടിയിൽ മേൽ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതിയും സ്ഥാപന നികുതിയും ഈടാക്കി വിവരം അറിയിക്കുന്നതാണെന്ന മറുപടി ലഭ്യമാക്കിയിട്ടുണ്ട്. സ്ഥാപനങ്ങളിൽ നിന്നും യഥാസമയം കൃത്യമായ നികുതി ഈടാക്കുന്നതിനും പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിനും ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയുണ്ടാകേണ്ടതാണ്.

### 2-2 ജീവനക്കാരുടെ ശമ്പള വിവരപത്രിക ഇല്ലാതെ തൊഴിൽ നികുതി ഈടാക്കിയിരിക്കുന്നു.

കേരള പഞ്ചായത്ത് രാജ് ആക്ട് 205 ബി,സി (എ) എന്നിവ പ്രകാരം തൊഴിലുടമ നികുതിക്ക് വിധേയരായവരുടെ ലിസ്റ്റ് സെക്രട്ടറിയ്ക്ക് സമർപ്പിക്കേണ്ടതാണ്. എന്നാൽ ബജാജ് അലയൻസ് എന്ന സ്ഥാപനം

2017-18 സാമ്പത്തിക വർഷത്തിൽ അത്തരം ലിസ്റ്റ് സമർപ്പിക്കാതെ 4,750/- രൂപയുടെ തൊഴിൽ നികുതി ഒടുക്കിയിരിക്കുന്നു. ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി 16/19നു ലിസ്റ്റ് തയ്യാറാക്കി ലഭ്യമാക്കുന്നതാണെന്നു അറിയിച്ചു. പ്രസ്തുത മറുപടി തൃപ്തികരമല്ല. ഫ്രണ്ട് ഓഫീസ് വഴി ലഭിച്ച അപേക്ഷകളിൽ ജീവനക്കാരുടെ വ്യക്തമായ വേതന വ്യവസ്ഥകൾ പരിശോധിക്കാതെ നികുതി തുക ഈടാക്കിയ നടപടി ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ഭാവിയിൽ തൊഴിൽ നികുതിയീടാക്കുന്നതിനു നിയമം അനുശാസിക്കുന്ന രീതി അവലംബിക്കേണ്ടതാണ്.

## 2-3 സ്റ്റാറ്റസ് റിപ്പോർട്ടിൽ ഉൾപ്പെട്ട എല്ലാ സ്ഥാപനങ്ങളുടെയും തൊഴിൽ നികുതിയും സ്ഥാപന നികുതിയും ഈടാക്കിയിട്ടില്ല.

ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തിലെ സ്റ്റാറ്റസ് റിപ്പോർട്ടിൽ ഉൾപ്പെട്ട ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളിൽ നിന്നു തൊഴിൽ നികുതിയും സ്ഥാപന നികുതിയും ഈടാക്കിയിട്ടില്ല.

1. വി.എസ്.എസ്.ഇംഗ്ലീഷ് മീഡിയം സ്കൂൾ
2. സക്കീർ ഹുസൈൻ സ്കൂൾ

ഓഡിറ്റ് എൻക്വയറി നം 17/19 നുള്ള മറുപടിയിൽ മേൽ സ്ഥാപനങ്ങളിൽ നിന്ന് നികുതികൾ ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. പഞ്ചായത്ത് പരിധിയിലുള്ള എല്ലാ സ്ഥാപനങ്ങളിൽ നിന്നും യഥാസമയം നികുതികൾ ഈടാക്കുന്നുണ്ടെന്നു ഉറപ്പുവരുത്തേണ്ടത് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലയാണ്.

## 2-4 ലേല തുക ഈടാക്കിയില്ല - പഞ്ചായത്തിനു നഷ്ടം

2017-18 സാമ്പത്തിക വർഷത്തിൽ കിളിമാനൂർ മാർക്കറ്റിൽ നിന്നുള്ള ഗേറ്റ് ഫീസ് പിരിവ് 21,33,333/- രൂപയ്ക്ക് ശ്രീ. ഗുരുദാസൻ, തടത്തിൽ ചാരുവിള പുത്തൻ വീട്, അടയമൺ എന്ന ആളിനു നൽകി. (21.02.2017-ലെ പഞ്ചായത്ത് കമ്മിറ്റി തീരുമാനം നമ്പർ 2(1) പ്രകാരം) ലേല കരാർ വ്യവസ്ഥയനുസരിച്ച് കിസ്റ്റ് തുക മൂന്ന് തുല്യ ഗഡുക്കളായി ഒടുക്കു വരുത്തണമെന്നും തവണ വ്യവസ്ഥ ആവശ്യമായി വരുന്ന പക്ഷം ലേല തുകയുടെ ഇരട്ടിയിൽ കുറയാത്ത തുകയുടെ സോൾവെൻസി സർട്ടിഫിക്കറ്റ് ഹാജരാക്കണമെന്നും തവണ തുക നിശ്ചിത തീയതിക്കകം ഒടുക്കാത്ത പക്ഷം 18% പിഴ പലിശ അടയ്ക്കേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ കരാറുകാരൻ നാളിതുവരെ 10,25,000/-രൂപ മാത്രമാണ് പഞ്ചായത്തിൽ ഒടുക്കിയിരിക്കുന്നത്. ബാക്കി ഒടുക്കുവാനുള്ള കിസ്റ്റ് തുക 11,08,333/-രൂപയും 18 % പലിശയും ഈടാക്കാത്തതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം 33/19 നുള്ള മറുപടിയിൽ 01.04.2017 മുതൽ പിരിവു നടത്തുന്നതിനു പ്രാദേശികമായി എതിർപ്പുള്ളതായും അതിനാൽ ഗേറ്റ് ഫീസ് പിരിവു നടത്തുവാൻ ലേലം കൊണ്ട വ്യക്തിക്ക് കഴിയില്ലായെന്നും ആയതിനാൽ ലേലക്കാരൻ ഒടുക്കിയ തുകയും സോൾവെൻസിയും തിരികെ നൽകണമെന്നും ലേലം തുടരുവാൻ താൽപര്യമില്ലായെന്നും കരാറുകാരൻ (15.04.2017ൽ) രേഖാമൂലം അറിയിച്ചിരുന്നുവെന്ന മറുപടിയാണ് സെക്രട്ടറി ഓഡിറ്റിനു ലഭ്യമാക്കിയത്. തദവസരത്തിൽ പ്രസ്തുത ലേലത്തിന്റെ സോൾവെൻസി സംബന്ധിച്ച ശ്രീ.സുഗുണൻ, കേദാരം, ചെമ്മരത്തുമുക്ക്, നഗരൂർ എന്ന വ്യക്തി 13.3.2017ൽ ലേല ഉടമ്പടിയിന്മേലുള്ള തുടർനടപടികൾ സ്റ്റേ ചെയ്യണമെന്നു ആവശ്യപ്പെട്ട് WP(C)10978/2017 നമ്പർ റിട്ട് ഹർജി ബഹു ഹൈക്കോടതിയിൽ സമർപ്പിക്കുകയും ചെയ്തു. ആയതിനാൽ സെക്രട്ടറിയ്ക്ക് ഈ വിഷയത്തിൽ അന്തിമ തീരുമാനം എടുക്കുവാൻ കഴിഞ്ഞില്ലായെന്നും ആയതു സർക്കാരിന്റെ പരിഗണനയിലാണെന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ കരാറുകാരന്റെ പരാതി ലഭ്യമായിട്ടും പിരിവ് തടസ്സപ്പെടുത്തിയ വ്യക്തികൾക്കെതിരെ നടപടി സ്വീകരിക്കാൻ പഞ്ചായത്ത് സെക്രട്ടറിയ്ക്കായില്ല ശേഷിക്കുന്ന തുക പിഴപലിശ സഹിതം ഒടുക്കുന്നതിനു വേണ്ടിയുള്ള റവന്യൂ റിക്കവറിയുടെ പ്രാരംഭനടപടികൾ സ്വീകരിച്ചതായി ഫയലിൽ കാണുന്നു. പ്രസ്തുത സാഹചര്യത്തിൽ കരാറുകാരന്റെ പരാതിയുടെ അടിസ്ഥാനത്തിൽ (7.09.2018ലെ 280/ഡി.ബി2/ 18/തസ്വഭവ) സർക്കാർ ആർ.ആർ നടപടികൾ നിർത്തിവയ്ക്കുവാൻ പഞ്ചായത്തിന് നിർദ്ദേശം നൽകി.

പഞ്ചായത്തിന്റെ പരിഗണനയ്ക്ക് വരുന്ന ഇത്തരം വിഷയങ്ങളിൽ കേരള പഞ്ചായത്ത് രാജ ആക്ട്/ചട്ടങ്ങളിൽ പ്രതിപാദിച്ചിട്ടുള്ള വ്യവസ്ഥകൾക്ക് അനുസൃതമായി തീരുമാനമെടുക്കുന്ന തിനാവശ്യമായ ഉപദേശം പഞ്ചായത്തിനു നൽകുവാൻ സെക്രട്ടറിയ്ക്ക് ബാദ്ധ്യതയുണ്ടായിരിക്കുമെന്നിരിക്കെ സെക്രട്ടറി ഉചിതമായ തീരുമാനം കൈക്കൊള്ളാത്തതു വഴി പഞ്ചായത്തിനു വരവിനത്തിൽ നഷ്ടം സംഭവിച്ചിരിക്കുന്നു. കോടതിയുടെ അന്തിമ വിധിയുടെ അടിസ്ഥാനത്തിലും സർക്കാരിന്റെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലും സ്വീകരിക്കുന്ന നടപടികൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 2-5 അടിസ്ഥാന വസ്തുനികുതി നിർണ്ണയത്തിൽ അപാകം

ഗ്രാമപഞ്ചായത്തിന്റെ അടിസ്ഥാന വസ്തുനികുതി നിർണ്ണയം 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ എന്നിവയ്ക്ക് 40/- രൂപ നിരക്കിലും 100 ച.മീറ്ററിന് മുകളിൽ തറ വിസ്തീർണ്ണമുള്ളവയ്ക്ക് 60/-

രൂപ നിരക്കിലും ഈടാക്കാനാണ് നിശ്ചയിച്ചിട്ടുള്ളത്. എന്നാൽ ചുവടെ ചേർക്കുന്ന വാണിജ്യസ്ഥാപനങ്ങളെ തെറ്റായ ഉപയോഗക്രമത്തിലുൾപ്പെടുത്തിയതുവഴി വസ്തുനികുതി ഈടാക്കിയതിൽ കുറവ് സംഭവിച്ചു. വിശദാംശം ചുവടെ ചേർക്കുന്നു.

| കെട്ടിട നം./ ഉടമ | വിസ്തീർണ്ണം, ഉപയോഗക്രമം | ഗ്രാമപഞ്ചായത്ത് 40/- രൂപ നിരക്കിൽ കണക്കാക്കിയ അടിസ്ഥാന വസ്തുനികുതി | തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ 60/- രൂപ നിരക്കിൽ കണക്കാക്കേണ്ടിയിരുന്ന അടിസ്ഥാന വസ്തുനികുതി | അടിസ്ഥാന വസ്തുനികുതി കണക്കാക്കിയതിൽ കുറവ് |
|---|---|---|---|---|
| 13/392/A<br>വാഞ്ചുകമൽ (മഞ്ജു വില്ല, കടയ്ക്കൽ, കടയ്ക്കൽ പി ഒ, 9447801389) | താഴത്തെ നില (111 ച മീ )<br>ഗോഡൗൺ | 4440 | 6660 | 2220 |
| 10/569/D<br>അബ്ദുൽവാഹിദ് ലൈലാബീവി (വലിയവീട്, പാപ്പാല, കിളിമാനൂർ പി.ഒ, 695601) | താഴത്തെ നില (131.04 ച മീ )<br>ഷോപ്പ് | 5241.6 | 7862.4 | 2620.8 |

പഞ്ചായത്തിന്റെ തനത് വരുമാനത്തിൽ മേൽസൂചിപ്പിക്കുംപ്രകാരം കുറവുണ്ടായിട്ടുണ്ട്.

ഓഡിറ്റ് എൻക്വയറിക്ക് (നം.37) ക്രമ നം.1ലെ സ്ഥാപനത്തിന്റെ വസ്തുനികുതി ഡാറ്റാ പ്യൂരിഫിക്കേഷൻ വഴി പുനർനിർണ്ണയിച്ചിട്ടുണ്ടെന്ന് മറുപടി നൽകിയിട്ടുണ്ട്. സഞ്ചയ സോഫ്റ്റ് വെയറിൽ തെറ്റായി വസ്തുനികുതി നിർണ്ണയിച്ചിരിക്കുന്നവ ഡാറ്റാ പ്യൂരിഫിക്കേഷൻ നടത്തി പുനർനിർണ്ണയിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 2-6 മൊബൈൽ ടവറുകളുടെ വസ്തുനികുതി- കുടിശ്ശിക ഈടാക്കേണ്ടതാണ്

സഞ്ചയ സോഫ്റ്റ് വെയറിന്റെ പരിശോധനയിൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ 8 മൊബൈൽ ടവറുകൾ പ്രവർത്തിക്കുന്നതായി കണ്ടു. ഇവയിൽ 3 എണ്ണത്തിൽ നിന്ന് നാളിതുവരെ വസ്തു നികുതികുടിശ്ശിക ഈടാക്കിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാർഡ്/ കെട്ടിടം നം | മൊബൈൽ ടവർ | വസ്തുനികുതി കുടിശ്ശിക | കുടിശ്ശിക കാലയളവ് |
|---|---|---|---|---|
| 1 | 4/469 | ബി.എസ്.എൻ.എൽ | 69300 | 2013 ആദ്യപകുതി മുതൽ 2018 രണ്ടാംപകുതി വരെ |
| 2 | 16/12/A | ഡിസ് നെറ്റ് വയർലെസ്സ് ലിമിറ്റഡ് എയർസെൽ | 54300 | 2013 ആദ്യ പകുതി മുതൽ 2018 രണ്ടാംപകുതി വരെ |

| | | | | |
|---|---|---|---|---|
| 3 | 17/457/A | ഇന്ത്യൻ ടെലികോം ഇൻഫ്ര ലിമിറ്റഡ് | 31500 | 2013 ആദ്യപകുതി മുതൽ 2018 രണ്ടാംപകുതി വരെ |

വസ്തു നികുതി കുടിശ്ശിക ഈടാക്കുന്നതിന് തുടർനടപടി സ്വീകരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്. ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ഈ വിഷയത്തിൽ ശ്രദ്ധപുലർത്തേണ്ടതുണ്ട്.

## 2-7 ഡി ആന്റ് ഒ ലൈസൻസ് അപാകങ്ങൾ

(1) 1996 ലെ കേരള പഞ്ചായത്ത് രാജ് (ആപത്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ ഏതൊരു വർഷവും അവസാനിക്കുന്നതിന് 30 ദിവസം മുമ്പ് സമർപ്പിക്കേണ്ടതാണ്. എന്നാൽ പഞ്ചായത്തിലെ അപേക്ഷകൾ പരിശോധിച്ചപ്പോൾ ഈ ചട്ടം ലംഘിക്കുന്നതായി വ്യക്തമായി. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | അപേക്ഷക | സ്ഥാപനം | അപേക്ഷ നം | തീയതി |
|---|---|---|---|---|
| 1 | ശ്രീ. വാഞ്ചുകമൽ | ദി ഹിൽവേ ഹെറിറ്റേജ് | 1 | 20.03.2017 |
| 2 | ശ്രീ. ബി. ദാസ് | L V S ക്ലിനിക് | 2 | 21.03.2017 |
| 3 | ശ്രീ. ഷിഹാറുദ്ദീൻ | മണവാട്ടി ഫുട് വെയർ & ഫാൻസി | 3 | 25.03.2017 |
| 4 | ശ്രീ. റോസ് ലാൽ | മെജസ്റ്റി | 4 | 25.03.2017 |
| 5 | ശ്രീമതിഉദയാംബിക | ഉദയാ സ്റ്റോർ | 5 | 27.03.2017 |

(2) 1996 ലെ കേരള പഞ്ചായത്ത് രാജ് (ആപത്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നല്കൽ) ചട്ടങ്ങളിലെ പട്ടിക II പ്രകാരം ദിവസേനയുള്ള വിറ്റുവരവിന്റെ അടിസ്ഥാനത്തിലാണ് ലൈസൻസ് ഫീസ് ഈടാക്കേണ്ടത്. എന്നാൽ വിറ്റുവരവ് രേഖപ്പെടുത്താത്ത അപേക്ഷകളിന്മേലും ലൈസൻസ് അനുവദിച്ചിരിക്കുന്നു. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | അപേക്ഷകർ | സ്ഥാപനം | അപേക്ഷ നം. |
|---|---|---|---|
| 1 | ശ്രീ റിസ ആർ | ലച്ചൂസ് ബ്യൂട്ടി പാർലർ | 9 |
| 2 | ശ്രീ ജിബി ആർ | വൃന്ദാവൻ മെഡിക്കൽസ് | 15 |
| 3 | ശ്രീ രാജീവ് | എസ് ആർ ഫർണിച്ചർ ഗോഡൗൺ | 17 |
| 4 | ശ്രീ അഹമ്മദ് കുട്ടി | ബിസ്മി ഫർണിച്ചർ | 21 |
| 5 | ശ്രീ കെ എച്ച് മൊയ്തീൻ | ഹൻസാ ട്രേഡേഴ്സ് | 25 |

ഡി ആന്റ് ഒ ലൈസൻസ് നിയമാനുസൃത അപേക്ഷയുടെ അടിസ്ഥാനത്തിൽ പരിശോധിച്ച് ഫീസ് ഏർപ്പെടുത്താൻ ബന്ധപ്പെട്ട സെക്ഷനും മേൽനോട്ടച്ചുമതലയുള്ള ഉദ്യോഗസ്ഥനും ശ്രദ്ധിക്കേണ്ടതുണ്ട്. ഫ്രണ്ട് ഓഫീസിൽ ലഭിക്കുന്ന അപേക്ഷകൾ പൂർണ്ണമായ രേഖപ്പെടുത്തലുകൾ ഉള്ളവയാണെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

## 2-8 ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ – രജിസ്റ്ററിന്റെ അഭാവം - വരവ് നഷ്ടത്തിന് സാദ്ധ്യത

1999 ലെകേരള പഞ്ചായത്ത് രാജ് (ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ) ചട്ടങ്ങൾ പ്രകാരം പഞ്ചായത്ത് പരിധിയിലെ ട്യൂട്ടോറിയൽ സ്ഥാപനങ്ങളെ രജിസ്ട്രേഷൻ നല്കി രജിസ്റ്ററിൽ ചേർത്ത് സൂക്ഷിക്കേണ്ടതാണ്. പ്രസ്തുത രജിസ്റ്റർ സൂക്ഷിക്കുന്നതിൽ വീഴ്ച സംഭവിച്ചു. ഗ്രാമപഞ്ചായത്ത് പരിധിയിൽ ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതായി സ്റ്റാറ്റസ് റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടുണ്ട്. പ്രസ്തുത സ്ഥാപനങ്ങളെ കണ്ടെത്തി രജിസ്ട്രേഷൻ ഫീസ് ഈടാക്കാൻ ഗ്രാമപഞ്ചായത്തിന് ആയില്ല. ഇത് പഞ്ചായത്തിന്റെ വരുമാന നഷ്ടത്തിന് കാരണമാകുന്നു. പൊതുഭരണവും ധനകാര്യവും സദ്ഭരണവും വർക്കിംഗ് ഗ്രൂപ്പിന്റെയും മേൽനോട്ടച്ചുമതലയുള്ള ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ശ്രദ്ധ ക്ഷണിക്കുന്നു.

## 2-9 ടെണ്ടർ ഫോം വില ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

2017-18 വർഷം ഇ-ടെണ്ടർ ചെയ്ത പ്രവൃത്തികളുടെ ടെണ്ടർ ഫോം വില ആകെ തുകയായ 67,540/-രൂപ പഞ്ചായത്തു ഫണ്ടിൽ അടവാക്കിയിട്ടില്ല. ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി 2 ന് ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടിവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ ഒടുക്കിയിട്ടുള്ള തുക പഞ്ചായത്ത് ഫണ്ടിൽ ഒടുക്കുന്നതിന് തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടിവ് എഞ്ചിനീയർക്ക് കത്ത് നൽകി തുക ഗ്രാമപഞ്ചായത്തിന് തിരികെ ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തുക പഞ്ചായത്തുഫണ്ടിൽ അടവാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-10 മരാമത്ത് പണികൾ–കരാർ ചമക്കുന്നതിലെ കാലതാമസം-പിഴ ഈടാക്കിയിട്ടില്ല. 10605/- രൂപ ഈടാക്കേണ്ടതാണ്.

അസി. എഞ്ചിനീയർ നിർവ്വഹണം നടത്തിയ മരാമത്തു പ്രവൃത്തികളിൽ താഴെ കൊടുത്തിരിക്കുന്ന വിശദാംശങ്ങൾ പ്രകാരമുള്ള പ്രവൃത്തിയിൽ 2012ലെ കേരള പൊതുമരാമത്തു വകുപ്പ് മാന്വൽ ഖണ്ഡിക 2009-6ൽ നിഷ്കർഷിച്ചിട്ടുള്ളതിൻ പ്രകാരം സെലക്ഷൻ നോട്ടീസ് അയച്ചതിനു ശേഷം കരാർ ചമക്കുന്നതിന് കാലതാമസം വരുത്തിയതിന് ചട്ടപ്രകാരമുള്ള പിഴ ഈടാക്കിയിട്ടില്ല.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ, പ്രവൃത്തിയുടെ പേര് | അടങ്കൽ തുക & കരാർ തുക | സെലക്ഷൻ നോട്ടീസ് അയച്ച തീയതി | പിഴ കൂടാതെ കരാർ ചമക്കേണ്ട തീയതി | കരാർ ചമച്ച തീയതി | കരാറു കാരൻ | ഈടാക്കേണ്ടിയിരുന്ന പിഴ | ബിൽ നമ്പർ/ തീയതി |
|---|---|---|---|---|---|---|---|---|
| 1. | 206/16-17<br>164/17-18<br>അടയമൺ കസ്തൂർബ അംഗനവാടി നിർമ്മാണം | 1298460<br>1060509<br>(ഇലക്ട്രിഫിക്കേഷനും സർവീസ് ടാക്സും ഉൾപ്പെടെ ചെലവ് 1127466) | 27.2.2017 | 13.3.17 | 23.3.2017 | എസ്.ലാൽ ഡിംഗ | 10605 | 1.18/17-18<br>2.20/17-18 |

എന്നാൽ പൊതുമരാമത്ത് ചട്ടങ്ങൾ 2012 സെക്ഷൻ 2009(6) പ്രകാരം സെലക്ഷൻ നോട്ടീസ് അയച്ച തീയതി മുതൽ 14 ദിവസം കണക്കിലെടുക്കുമ്പോൾ കരാർ തുകയുടെ 1% പിഴ ഈടാക്കേണ്ടതാണ്.

ഇപ്രകാരം കാലതാമസം വരുത്തി കരാർ ചമച്ചതിൽ ഈടാക്കേണ്ടതായ പിഴ 10,605/- രൂപ കരാറുകാരനിൽ നിന്നും ഈടാക്കി അടവാക്കുന്നതാണെന്ന് ഓഡിറ്റ് എൻക്വയറി 28 ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ആയത് ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ഡെപ്പോസിറ്റ് പ്രവൃത്തികൾ പൂർത്തിയാക്കി യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ലഭ്യമാക്കണം.

2017-18 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്ത് പരിധിയിലെ കുടിവെള്ളക്ഷാമം നേരിടുന്ന പ്രദേശങ്ങളിൽ ചുവടെ ചേർക്കുന്ന പ്രോജക്ടുകൾ പ്രകാരം GWD ജില്ലാ പഞ്ചായത്ത്, കെ.എസ്.ഇ.ബി. എന്നീ സ്ഥാപനങ്ങൾക്ക് എസ്റ്റിമേറ്റ് പ്രകാരം ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികളുടെ നിർമ്മാണം പൂർത്തിയാക്കി യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല.

| ക്രമ. നം. | പ്രോജക്ട് വിവരം | ബിൽ നം./ തീയതി | തുക |
|---|---|---|---|
| 1 | പ്രോജക്ട് നം. 196/18<br>ഊളൻകുന്ന് - മൂങ്ങാക്കുഴി കുടിവെള്ള പദ്ധതി | 17010852061500817716<br>തീയതി 22.12.2017 | 800000/-<br>(എസ്.സി.പി) |
| 2 | പ്രോജക്ട് നം. 207/18 –<br>പാണ്ടക്കുഴി കുടിവെള്ള പദ്ധതി | 17010852061500817714<br>തീയതി 22.12.2017 | 400000/-<br>(എസ്.സി.പി) |
| 3 | പ്രോജക്ട് നം. 208/18 –<br>കിഴക്കേ വട്ടപ്പാറ കുടിവെള്ള പദ്ധതി | 17010852061500817713<br>തീയതി 22.12.2017 | 500000/-<br>(എസ്.സി.പി) |
| 4 | 209/18 – നെല്ലിക്കുന്ന് കുടിവെള്ള പദ്ധതി | 17010852061500817712<br>തീയതി 22.12.2017 | 502200 |
| 5 | 210/18 – പഴയകുന്നുമ്മേൽ കുടിവെള്ള പദ്ധതി | 17010852061500817710<br>തീയതി 22.12.2017 | 400000 |
| 6 | 211/18 – മാവക്കുഴി കുടിവെള്ള പദ്ധതി | 17010852061500818435<br>തീയതി 22.12.2017 | 400000 |
| 7 | 70/18 – വിവിധ റോഡുകളിൽ ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 33/17-18തീയതി12.03.18<br>7/17-18 തീയതി 21.8.17 | 97933/-<br>4871/-<br>97055/- |
| 8 | 138/18 – ജലശ്രീ | 25/17-18 തീയതി 9.1.18 | 100000/- |
| | ആകെ | | **3302059/-** |

വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഈ വിഷയത്തിന്മേൽ നടപടി സ്വീകരിക്കേണ്ടതാണ്.

## 3-2 <u>പൗരാവകാശ രേഖ- പ്രോജക്ട് ലക്ഷ്യം കൈവരിച്ചില്ല</u>

പൗരാവകാശ രേഖ തയ്യാറാക്കുന്നതിന് 68/17-18 നമ്പരായി പ്രോജക്ട് തയ്യാറാക്കി വികസന ഫണ്ടിൽ നിന്നും 15,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. (ചെക്ക് നം.43/17-18 തീയതി 8.03.18) പൊതുജനങ്ങൾക്ക് സർക്കാർ സേവനം സംബന്ധിച്ച അവബോധം ഉണ്ടാക്കലാണ് പ്രോജക്ടിന്റെ ലക്ഷ്യം. 50 പൗരാവകാശരേഖ പ്രിന്റ് ചെയ്യുന്നതിന് 15,000/- രൂപ ചെലവഴിച്ചു. പ്രസ്തുത ചെലവിൽ ഇക്കോണമി, ഇഫക്ടീവ്നസ് എന്നിവ പരിശോധിക്കാൻ സെക്രട്ടറി ശ്രദ്ധിച്ചിട്ടില്ല. ഇപ്രകാരം തയ്യാറാക്കിയ പൗരാവകാശ രേഖ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിട്ടുണ്ടെങ്കിലും ആർക്കാണ് വിതരണം ചെയ്തത് എന്ന് രേഖപ്പെടുത്തിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (10-എ) മറുപടി ലഭ്യമാക്കിയിട്ടില്ല. 1994-ലെ കേരള പഞ്ചായത്ത് രാജ് (പൗരാവകാശരേഖ തയ്യാറാക്കൽ) ചട്ടങ്ങളിലെ ചട്ടം 3(1) പ്രകാരം പൗരാവകാശരേഖ തയ്യാറാക്കി പ്രധാന സ്ഥലങ്ങളിൽ പ്രദർശിപ്പിക്കുകയും പൊതുജനങ്ങൾക്ക് സൗജന്യമായി വിതരണം ചെയ്യേണ്ടതുമാണെന്ന വ്യവസ്ഥ പാലിക്കപ്പെട്ടില്ല. പ്രോജക്ടിന്റെ ലക്ഷ്യം കൈവരിക്കാൻ പഞ്ചായത്തിനായില്ല. കണക്കുകൾ, രേഖകൾ തയ്യാറാക്കൽ, ജനസേവനം കാര്യക്ഷമമാക്കൽ എന്ന വർക്കിംഗ് ഗ്രൂപ്പും മേൽനോട്ട ചുമതലയുള്ള ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയും ഇക്കാര്യത്തിൽ വേണ്ടത്ര ശ്രദ്ധ പുലർത്തിയില്ല.

## 3-3 <u>കൃഷിയും അനുബന്ധമേഖലയും- പ്രോജക്ട് രൂപീകരണത്തിൽ വർക്കിംഗ് ഗ്രൂപ്പ് നിർദ്ദേശവും സ്റ്റാറ്റസ് റിപ്പോർട്ട് അവസ്ഥാവിശകലനവും യഥാവിധിനടപ്പാക്കുന്നില്ല</u>

2017-18 വർഷം കൃഷിയും അനുബന്ധമേഖലയും വർക്കിംഗ് ഗ്രൂപ്പ് ഒരു തവണമാത്രമേ യോഗം കൂടിയിട്ടുള്ളൂ. വർക്കിംഗ് ഗ്രൂപ്പ് മിനിട്സ് കൃത്യമായി രേഖപ്പെടുത്തൽ വരുത്തി പരിപാലിക്കുന്നില്ല. വാർഷിക പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് വർക്കിംഗ് ഗ്രൂപ്പിൽ ഉയർന്നുവന്ന പദ്ധതി നിർദ്ദേശങ്ങളിൽ വന്യമൃഗങ്ങൾ വിള നശിപ്പിക്കുന്നതിന് പരിഹാരമായി കർഷകർക്ക് വിള ഇൻഷ്വറൻസ്, ജൈവകൃഷിക്ക് ആവശ്യമായ മണ്ണിര കമ്പോസ്റ്റ് ജൈവഉത്പാദനോപാധികൾ എന്നിവ വിതരണം നടത്തുന്നതിനുള്ള വിപണനകേന്ദ്രം, പച്ചക്കറി/ഫലവൃക്ഷ തൈകൾ പച്ചക്കറി വിത്തുകൾ എന്നിവ വിപണനം നടത്തുന്നതിന് പഞ്ചായത്തിലെ സന്നദ്ധസംഘങ്ങളുടെ നേതൃത്വത്തിൽ യൂണിറ്റ് രൂപീകരണം, കിളിമാനൂർ പബ്ലിക്ക് മാർക്കറ്റ് കേന്ദ്രീകരിച്ച് പഞ്ചായത്തിലെ കർഷകർ ഉത്പാദിപ്പിക്കുന്ന കാർഷിക ഉത്പന്നങ്ങൾക്ക് ന്യായവിലഉറപ്പാക്കുന്ന വിപണനകേന്ദ്രങ്ങൾ സ്ഥാപിക്കുക, മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുക എന്നിങ്ങനെയുള്ള പ്രോജക്ടുകൾ നടപ്പാക്കിയിട്ടില്ല.

വിവിധ കാർഷികോല്പന്നങ്ങളുടെ വർദ്ധനവിനായി നടപ്പാക്കിയ പ്രോജക്ടുകളുടെ ലക്ഷ്യമായ കാർഷികോല്പന്നങ്ങളുടെ വർദ്ധനവ് സംബന്ധിച്ച് വിവരശേഖരണം നടത്തി ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല. ആയതിനാൽ പ്രോജക്ടുകൾ ഫലപ്രാപ്തിയിലെത്തിയോയെന്ന് പരിശോധിക്കാനാകുന്നില്ല.

സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം ഗ്രാമപഞ്ചായത്തിലെ 90 ഹെക്ടർ തരിശ് ഭൂമിയിൽ 60 ഹെക്ടർ കൃഷിയോഗ്യമാണ്. കൂടാതെ പൊതുസ്ഥലങ്ങൾ തരിശ് ഭൂമിയായി കിടക്കുന്ന സ്ഥിതി ഗുരുതര പ്രശ്നമായി അവസ്ഥാവിശകലനത്തിൽ സൂചിപ്പിച്ചിട്ടുണ്ട്. ഇതിന് കാരണമായി പദ്ധതികളുടെ കുറവാണെന്നും സൂചിപ്പിച്ചിരിക്കുന്നു. എന്നാൽ തരിശ് ഭൂമി കൃഷിയോഗ്യമാക്കാൻ ഗ്രാമപഞ്ചായത്ത് പ്രോജക്ടുകളൊന്നും തൻവർഷം നടപ്പാക്കിയിട്ടില്ല.

ഓഡിറ്റ് എൻക്വയറി നം.20/17-18 തീയതി 21.3.2019 ന് 2017-18 ൽ പ്രോജക്ട് നമ്പർ 111 ആയി ഗ്രൂപ്പുകൾക്ക് തരിശ്ശ് നിലം കൃഷിക്കായി പ്രോജക്ട് രൂപീകരിച്ചിരുന്നുവെങ്കിലും വ്യക്തികളുടെ ഗുണഭോക്തൃലിസ്റ്റാണ് പഞ്ചായത്തിൽ നിന്ന് ലഭിച്ചതെന്നും, ആയതിനാൽ പ്രസ്തുത പദ്ധതി നടപ്പാക്കാതെ റിവൈസ് ചെയ്ത് 'കൃഷി ഓഫീസിലേക്ക് കമ്പ്യൂട്ടറും മൾട്ടിപർപ്പസ് പ്രിന്ററും' എന്ന പദ്ധതി നടപ്പാക്കിയതെന്നുമാണ് കൃഷി ഓഫീസർ അറിയിച്ചിരിക്കുന്നത്.

വർക്കിംഗ് ഗ്രൂപ്പ് നിർദ്ദേശവും, സ്റ്റാറ്റസ് റിപ്പോർട്ടിലെ അതീവ ഗുരുതര പ്രശ്നങ്ങളും പരിഹരിക്കാൻ പ്രോജക്ടുകൾ തയ്യാറാക്കി നടപ്പിലാക്കാൻ വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഫലപ്രദമായ ഇടപെടൽ ഉണ്ടാകേണ്ടതാണ്.

## 3-4 തൊഴിലുറപ്പ് പദ്ധതി - ഫയൽ സൂക്ഷിപ്പ് തൃപ്തികരമല്ല

തൻവർഷം 1074 പ്രവൃത്തികൾ ആക്ഷൻ പ്ലാനിലുൾപ്പെടുത്തിയെങ്കിലും 139 പ്രവൃത്തികൾ മാത്രമാണ് നടപ്പാക്കിയത്. പ്രവൃത്തിയുമായി ബന്ധപ്പെട്ട ഫയൽ പരിശോധനയിൽ ചുവടെ ചേർക്കുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

1. നിർവ്വഹണം നടത്തിയ പ്രവൃത്തികൾക്ക് എം.ബുക്ക് തയ്യാറാക്കിയിട്ടില്ല. കൂടാതെ IAY പ്രവൃത്തിഫയലുകളിൽ എസ്റ്റിമേറ്റും വച്ചിട്ടില്ല. ആയതിനാൽ എന്തൊക്കെ പ്രവൃത്തിയിനങ്ങൾ ചെയ്തുവെന്നതിന് വ്യക്തതയില്ല.
2. പല പ്രവൃത്തികൾക്കും എസ്റ്റിമേറ്റ് നിരക്കിനേക്കാൾ കൂടുതൽ തുക ചെലവഴിച്ചിട്ടുണ്ട് (ഉദാ. DP/153321, DP/153327 )
3. വാങ്ങിയ സാധനങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തൽ വരുത്തിയിട്ടില്ല.
4. നഴ്സറി രൂപീകരണം പ്രവൃത്തികളിൽ ഉത്പാദിപ്പിച്ച തൈകളുടെ എണ്ണം, അവ എപ്രകാരമാണ് വിതരണം ചെയ്തിട്ടുള്ളത് എന്നിവ സംബന്ധിച്ച യാതൊരു രേഖയും സൂക്ഷിച്ചിട്ടില്ല.
5. തൊഴിൽ സ്ഥലത്ത് തൊഴിലാളികളുടെ പങ്കാളിത്തം, പ്രോജക്ട് യോഗങ്ങൾ നടത്തിയതിന്റേയും പ്രവൃത്തി സൈറ്റുകളിൽ ബോർഡ് സ്ഥാപിച്ചതിന്റേയും ആധികാരികത എന്നിവ ഫയലിൽ ഫോട്ടോകൾ ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ വ്യക്തമല്ല

അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.38) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതാണ്.

## 3-5 ആസ്തി രജിസ്റ്ററിൽ ആസ്തി യുണീക്ക് നമ്പർ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്താതെ പ്രവൃത്തികൾ പൂർത്തിയാക്കുന്നു.

2017-18ൽ മരാമത്ത് പ്രവൃത്തികൾ നിർവഹിക്കപ്പെട്ടതും നിലവിലുള്ള ആസ്തിയിൽ ഉൾപ്പെട്ടതുമായ റോഡുകളുടെ വിവരങ്ങൾ ആസ്തി രജിസ്റ്ററുമായി പരിശോധിച്ചതിൽ പ്രോജക്ട് ഫോറത്തിൽ രേഖപ്പെടുത്തിയ ആസ്തി യൂണീക്ക് നമ്പർ ആസ്തി രജിസ്റ്ററിൽ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

ഉദാഹരണങ്ങൾ താഴെ

| പ്രോജക്ട് നമ്പർ | റോഡിന്റെ പേര് | നീളം | പ്രോജക്ട് ഫോറത്തിലെ ആസ്തി നമ്പർ |
|---|---|---|---|
| SO 166/18 | പാറക്കട ശാസ്താംപൊയ്ക കോൺക്രീറ്റ് | .40 km | 123310050000000013 |
| SO 36/18 | കൊച്ചുപ്ലാവിള ചെവളക്കോണം റോഡ് | 1km | 123300108300000002 |
| SO 204/17 | കുഴിവിള ഇരപ്പിൽ പാലം | .150km | 1233001080000002 |
| SO 58/18 | തട്ടുത്തുമല അംഗനവാടി റോഡ് | .650km | 12300103600000002 |
| 65/18 | വട്ടപ്പച്ച ചിന്താണിക്കോണം റോഡ് | 2km | 12330010480000001 |

മേൽ പറയുന്ന പ്രോജക്ടുകൾ പ്രകാരമുള്ള ആസ്തി യൂണീക്ക് നമ്പർ,നീളം എന്നിവ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്താത്തതിന്റെ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 31ന് ആസ്തി രജിസ്റ്റർ പൂർത്തീകരിക്കുന്നതിന് സചിത്ര സോഫ്റ്റ് വെയറിലെ പരിചയക്കുറവ് കാരണം കഴിഞ്ഞിട്ടില്ലെന്ന് ഉടനെ പൂർത്തിയാക്കുന്നതാണെന്നും മറുപടി നൽകി.

ഫലത്തിൽ നിലവിലുള്ളതും മരാമത്ത് പ്രവൃത്തികൾ അംഗീകാരം നേടി നടപ്പാക്കുന്നതുമായ റോഡ്/റോഡിതര ആസ്തികൾ പഞ്ചായത്തിന്റെ അധീനതയിലുള്ളതാണെന്ന ഉറപ്പ് വരുത്താതെയും ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്താതെയുമാണ് പ്രവൃത്തി അംഗീകാരം നേടി പൂർത്തിയാക്കുന്നത്. ജി.ഒ (എം. എസ്) 72/2017 – പതിമൂന്നാം പഞ്ചവത്സര പദ്ധതി മാർഗരേഖ ഖ.13.6 മരാമത്തു പ്രവൃത്തികൾ നടത്തുമ്പോൾ റോഡ്, റോഡിതര ആസ്തികളുടെ സംരക്ഷണത്തിന് പ്രത്യേക ആസ്തി സംരക്ഷണ സമിതി തയ്യാറാക്കേണ്ടതിന്റെ പ്രാധാന്യം ഊന്നിപ്പറയുന്നുണ്ട്. നിലവിലുള്ള ആസ്തികൾ എല്ലാം തന്നെ ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തി മരാമത്ത് പ്രവൃത്തികൾ അംഗീകാരത്തിന് നൽകുമ്പോൾ അവശ്യം രേഖപ്പെടുത്തേണ്ടതായ ആസ്തി സംബന്ധിച്ച വിവരങ്ങൾ (പ്രോജക്ട് ഫോറം ഖ. 32,35,36) ഉൾപ്പെടുത്തി അംഗീകാരം ലഭ്യമാക്കേണ്ടതും പഞ്ചായത്തിന്റെ ആസ്തികൾക്കു വേണ്ടിത്തന്നെയാണ് ഫണ്ട് ചെലവാക്കുന്നതെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

ആസ്തി രജിസ്റ്റർ അടിയന്തിരമായി കാലികമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതിന് വികസനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റിയുടെ അടിയന്തിര ശ്രദ്ധ പതിയേണ്ടതുണ്ട്.

## **3-6** എംബാങ്ക്മെന്റ് നിർമ്മാണത്തിന് കുഴിച്ചെടുത്ത മണ്ണ് ഉപയോഗിക്കാത്തതു മൂലം അധികച്ചെലവ്- **14283/-**രൂപ നിരാകരിക്കുന്നു.

2017-18 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കിയ ചുവടെ ചേർക്കുന്ന പദ്ധതിയുടെ നടത്തിപ്പിൽ എംബാങ്ക്മെന്റ് നിർമ്മാണത്തിന് കുഴിച്ചെടുത്ത മണ്ണ് ഉപയോഗിക്കാത്തതു മൂലം അധികച്ചെലവു വന്നിട്ടുണ്ട്.

(1)

| | |
|---|---|
| പ്രോജക്ട് നമ്പർ | : SO148/17-18 |
| പേര് | : ഇടക്കുന്ന് വണ്ടന്നൂർ റോഡ് പുനരുദ്ധാരണം |
| അടങ്കൽ | : 4,80,733/- |
| ചെലവ് | : 4,65,209/- |
| ബിൽ നമ്പർ | : 41/17-18 തീയതി.12.01.18 |
| ഫണ്ട് | : വികസന ഫണ്ട്. എസ്.സി.പി |
| നിർവഹണം | : അസിസ്റ്റന്റ് എഞ്ചിനീയർ |
| കരാറുകാരൻ | : എസ്.ലാൽഡിംഗ |
| സ്റ്റാന്റിങ്ങ് കമ്മിറ്റി | : വികസനകാര്യം |
| എം.ബുക്ക് നമ്പർ | : 201/16-17 |
| TS NO: | : 8955/2016/17 |
| ഓഡിറ്റ് എൻക്വയറി | : 24 |

പ്രസ്തുത പ്രവൃത്തിയുടെ ഇനം 1 പ്രകാരം earth work excavation (2.8.1) എന്ന പ്രവൃത്തിയിലൂടെ 39.63$m^3$ മണ്ണ് കുഴിച്ചെടുത്തതായി രേഖപ്പെടുത്തിയിട്ടുണ്ട് (എം.ബുക്ക് പേജ് നമ്പർ 2). ഇനം2.2 പ്രകാരം എം. ബാങ്ക്മെന്റ് നിർമ്മാണം നടത്തിയപ്പോൾ (എം.ബുക്ക് പേജ് നമ്പർ 16) ഇനം 1 പ്രകാരം കുഴിച്ചെടുത്ത മണ്ണ്

ഉപയോഗിച്ചില്ല.

*അനുവദനീയമായ നിരക്ക് ചുവടെ ചേർക്കുന്നു.*

| | |
|---|---|
| കുഴിച്ചെടുത്ത മണ്ണ് (എം.ബുക്ക് പേജ് നം 1) | = 39.63 $m^3$ |
| Embankment നു ഉപയോഗിച്ച മണ്ണ് (എം.ബുക്ക് പേജ് നം 16) | = 236.96$m^3$ |
| കുഴിച്ചെടുത്ത 39.63m3മണ്ണ് ഉപയോഗിച്ചിരുന്നുവെങ്കിൽ embankment – നു നൽകേണ്ടിയിരുന്ന മണ്ണിന്റെ അളവ് (236.96 – 39.63) | = 197.33$m^3$ |
| MORD 3.4 പ്രകാരം197.33.$m^3$ ന് embankment നു നൽകേണ്ട നിരക്ക് (C.I-50.98) 197.33$m^3$@ 415.26 | = 81943.26രൂപ |
| കുഴിച്ചെടുത്ത മണ്ണ് 39.63 $m^3$ ഉപയോഗിച്ചിരുന്നുവെങ്കിൽ MORD 3.3 പ്രകാരം നൽകാവുന്ന നിരക്ക് 39.63$m^3$ @ 54.84 | = 2173.30/-രൂപ |
| മേൽ നിരക്ക് പ്രകാരം embankment നു ഉപയോഗിക്കേണ്ട 236.96$m^3$ മണ്ണിനു അനുവദിക്കേണ്ടിയിരുന്ന തുക 197.33m3@415.26 | = 81943.26 (+) |
| 39.63m3@54.84 | = 2173.30 |
| ആകെ 236.96$m^3$ ന് | = 84116.56/-രൂപ |
| അനുവദിച്ച തുക MORD 3.4 പ്രകാരം (എം.ബുക്ക് പേജ് നം 50) 236.96@415.26 | = 98400 |
| അധികം നൽകിയ തുക (98400 – 84116.56 ) | **= 14283.44** |

അപാകം വിശദീകരിക്കുന്നതിനു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നിർവഹണം നടത്തിയ ഉദ്യോഗസ്ഥനിൽ നിന്നും മറുപടി ഉടനെ ലഭ്യമാക്കുന്നതാണ് എന്നു മറുപടി നൽകിയിട്ടുണ്ട്. വിശദീകരണത്തിന്റെ അഭാവത്തിൽ അധികം നൽകിയ തുക **14,283/-**രൂപ നിരാകരിക്കുന്നു.

## 3-7 <u>മരാമത്ത് പ്രവൃത്തി-പൂർണ്ണമായ എസ്റ്റിമേറ്റ് തയ്യാറാക്കി സമയബന്ധിതമായി പൂർത്തിയാക്കാത്തത് മരാമത്ത് ചട്ടങ്ങൾക്ക് വിരുദ്ധം</u>

2017-18 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കിയ ചുവടെ ചേർക്കുന്ന പദ്ധതിയുടെ ഫയൽ പരിശോധനയിൽ പ്രവൃത്തി സമയബന്ധിതമായും പ്രവൃത്തികൾക്കാവശ്യമായ പൂർണ്ണമായ എസ്റ്റിമേറ്റ് തയ്യാറാക്കാതെയും നടപ്പാക്കാത്തതു മൂലം മരാമത്ത് ചട്ടങ്ങളിലെ വ്യവസ്ഥകൾ ലംഘിക്കപ്പെടുന്നതായും കാലവിളംബം മൂലം ഫലപ്രാപ്തി ലഭ്യമാകാതെവരുന്നതായും കാണുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | : 195/15-16<br>75/16-17<br>154/17-18<br>53/18-19 |
| പേര് | : പറണ്ടക്കുഴി അംഗൻവാടി നിർമ്മാണം |
| അടങ്കൽ | : 8,10,000/- (വികസന ഫണ്ട് – 36000/- , തനത് ഫണ്ട് – 86000/- , നബാർഡ് – 688000/-) |
| ചെലവ് | : 8,07,139/- |

| | |
|---|---|
| ബിൽ നമ്പർ | : തീയതി 28.3.17 – 36,000/- |
| ചെക്ക്നമ്പർ | : 2033057 തീയതി 29.3.2017 – 83139/-<br>203387 1 തീയതി 8.8.17 – 6880/-<br>2033870 തീയതി 8.8.17 – 27520/-<br>2033872 തീയതി 8.8.17 – 6880/-<br>2033873 തീയതി 8.8.17 – 64670/- |

| | |
|---|---|
| നിർവഹണം | : അസിസ്റ്റന്റ് എഞ്ചിനീയർ |
| കരാറുകാരൻ | : മുഹമ്മദ് സവാദ് |
| സ്റ്റാന്റിങ്ങ് കമ്മിറ്റി | : വികസനകാര്യം |
| എം.ബുക്ക് നമ്പർ | : /16-17 |
| എഗ്രിമെന്റ് നമ്പർ/ തീയതി | : 66/AE/LSGD/PKML/16-17 തീയതി 21.2.17 |
| ഓഡിറ്റ് എൻക്വയറി | : 39 |

2015-16 ൽ അംഗീകാരം നേടി 2016-17, 2017-18 വർഷങ്ങളിലായി മരാമത്ത് പ്രവൃത്തികൾ പൂർത്തീകരിക്കപ്പെട്ടതുമായ മേൽ പദ്ധതി ഇനിയും പൂർത്തീകരിക്കുന്നതിനായി വൈദ്യുതീകരണം ഉൾപ്പെടെ 2018-19ൽ വീണ്ടും 6,00,000/- രൂപക്ക് പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്.

*<u>അംഗൻവാടി നിർമ്മാണം പ്രവൃത്തിയുമായി ബന്ധപ്പെട്ട അപാകങ്ങൾ താഴെ പറയുന്നു.</u>*

(1) 2015-16ൽ അംഗീകാരം ലഭിച്ച പ്രോജക്ടായിട്ടും കരാറുകാരനെ തെരഞ്ഞെടുത്ത് കരാർ ചമച്ചത് 21.2.17ൽ മാത്രമാണ്. കേരള പൊതുമരാമത്ത് മാന്വൽ 2012 ഖണ്ഡിക 3.4 പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കി ഒരു വർഷത്തിനകം ടെണ്ടർ ചെയ്യണം എന്നിരിക്കെ 2015-16ൽ അംഗീകാരം നേടി എസ്റ്റിമേറ്റ് തയ്യാറാക്കിയ പ്രോജക്ട് 2016-17ന്റെ അവസാനം മാത്രമാണ് ടെണ്ടർ ചെയ്തിരിക്കുന്നത്. തുടർന്ന് പ്രസ്തുത പ്രോജക്ട് 2017-18ലേക്ക് സ്പിൽ ഓവറായി പൂർത്തിയാക്കിയാണ് തുക നൽകിയിട്ടുള്ളത്. ടെണ്ടർ നടപടി ക്രമങ്ങളിലും പ്രവൃത്തി പൂർത്തിയാക്കുന്നതിലും ഇത്ര കാലതാമസം വന്നതിന്റെ കാരണം വിശദീകരിക്കുന്നതിന് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് പ്രോജക്ട് ക്രമീകരിച്ചതിൽ വന്ന കാലതാമസമാണെന്ന മറുപടിയാണ് ലഭ്യമാക്കിയിരിക്കുന്നത്.

(2) കെട്ടിടത്തിന്റെ സ്ഥാനവും അളവും വ്യതിയാനം വന്നതിനെത്തുടർന്ന് പ്രോജക്ട് റിവൈസ് ചെയ്തതായി രേഖപ്പെടുത്തിയിട്ടുണ്ട്. വ്യതിയാനം വന്നതിന്റെ കാരണം പ്രവൃത്തി ആരംഭിച്ചതിനു ശേഷം മാത്രം വിശദമായ സ്ഥലപരിശോധന നടത്തിയതാണ് (ഓഡിറ്റ് എൻക്വയറി 39-മറുപടി)

(3) ടി കെട്ടിടത്തിന്റെ തുടർ പ്രവൃത്തികൾക്കും വൈദ്യുതീകരണത്തിനുമായി 2018-19 ൽ 6,00,000/- രൂപക്ക് പുതിയ പ്രോജക്ട് അംഗീകാരം നേടിയിട്ടുണ്ട്. സ.ഉ(ജി.ഒ) എം.എസ് 72/17 ത.സ്വ.ഭ.വ 29.3.2017, ഖ.6.6(2) പ്രകാരം കെട്ടിട നിർമ്മാണ പ്രോജക്ടുകൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ വൈദ്യുതീകരണവും മറ്റ് അനുബന്ധ പ്രവൃത്തികളും ഉൾപ്പെടുത്തി വേണം എസ്റ്റിമേറ്റ് തയ്യാറാക്കാൻ എന്ന് നിഷ്കർഷിച്ചിരിക്കെ അപ്രകാരം ചെയ്യാതെ തുടർ പ്രോജക്ടുകളായി ചെയ്തു. ഇപ്രകാരം ചെയ്യുന്നതിന്റ കാരണം ഫണ്ടുകൾ വാർഡുകളുടെ അടിസ്ഥാനത്തിൽ വീതിക്കുന്നതിനാൽ മേൽ പ്രവൃത്തി ഒറ്റ ഘട്ടത്തിൽ പൂർത്തിയാക്കാൻ കഴിഞ്ഞില്ല എന്ന് വിശദീകരണം ലഭ്യമാക്കിയിട്ടുണ്ട്.

കേരള പൊതുമരാമത്ത് മാന്വൽ വ്യവസ്ഥകൾ, മരാമത്ത് പ്രവൃത്തി മാർഗരേഖ എന്നിവ കൃത്യമായി പാലിച്ച് പൂർണ്ണമായ എസ്റ്റിമേറ്റ് തയ്യാറാക്കി സമയബന്ധിതമായി പ്രവൃത്തി പൂർത്തിയാക്കുന്നതിന് വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## **3-8** <u>ആരോഗ്യ മേഖലയിലെ ഗുരുതര പ്രശ്നമായി അവസ്ഥാ വിശകലനത്തിൽ സൂചിപ്പിച്ചിട്ടുള്ള വിഷയങ്ങളിൽ പ്രോജക്ട് രൂപീകരിച്ചിട്ടില്ല</u>

പതിമൂന്നാം പദ്ധതി മാർഗരേഖ മാർഗ്ഗ നിർദ്ദേശപ്രകാരം വർക്കിംഗ് ഗ്രൂപ്പുകൾ തയ്യാറാക്കുന്ന, അവസ്ഥാരേഖയിൽ

പ്രതിപാദിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനായാണ് പ്രോജക്റ്റ് തയ്യാറാക്കേണ്ടത്. ആയതിൽ ജനകീയാസൂത്രണം സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം അവസ്ഥാ വിശകലനവും പ്രശ്നപരിഹാര സാധ്യതകളും അനുസരിച്ച് ഗുരുതര പ്രശ്നമായി അവസ്ഥാ വിശകലനത്തിൽ സൂചിപ്പിച്ചിട്ടുള്ള വിഷയങ്ങളിൽ തൻ വർഷം തന്നെ പ്രശ്ന പരിഹാരത്തിനായി പ്രോജക്റ്റ് രൂപീകരിക്കേണ്ടതുണ്ട്. എന്നാൽ, സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം ഗുരുതര പ്രശ്നമായി അവസ്ഥാ വിശകലനത്തിൽ സൂചിപ്പിച്ചിട്ടുള്ള ചുവടെ ചേർക്കുന്ന വിഷയങ്ങളിൽ പ്രോജക്റ്റ് രൂപീകരിച്ചിട്ടില്ല.

1. മരുന്നു വിതരണത്തിനും സൂക്ഷിക്കുന്നതിനും ശീതീകരിച്ച മുറി

2. ഓരോ വർഷവും ക്യാൻസർ രോഗികളുടെ എണ്ണം ക്രമാതീതമായി വർദ്ധിക്കുന്നു.

3. മാനസിക രോഗികളുടെ എണ്ണം ക്രമാതീതമായി വർദ്ധിക്കുന്നു.

4. പകർച്ച വ്യാധികളുടെ വ്യാപനം വീടുകളിൽ - വേസ്റ്റ് മാനേജ്മെന്റിന്റെ അപര്യാപ്തത

5. ബസ് സ്റ്റാന്റ്, മാർക്കറ്റ് ജംഗ്ഷൻ എന്നീ പ്രധാന സ്ഥലങ്ങളിൽ ഓടകൾ വൃത്തിയാക്കാത്തത് മൂലം ദുർഗന്ധവും കൊതുക് വളർച്ചയും കൂടുന്നു.

ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭിച്ചിട്ടില്ല.

കുടിവെള്ളം, ശുചിത്വം വർക്കിംഗ് ഗ്രൂപ്പിന്റെ 23.01.16-ലെ യോഗത്തിലും 2018-19 സാമ്പത്തിക വർഷത്തെ വാർഷിക പദ്ധതിക്കായുള്ള 10.01.2018ലെ യോഗത്തിലും മേൽ വിഷയങ്ങൾ സജീവ പരിഗണനയിൽ വന്നിരുന്നുവെങ്കിലും 2017-18 സാമ്പത്തിക വർഷം നടന്ന 27.04.17, 18.05.17 എന്നീ തീയതികളിലെ യോഗത്തിൽ വർക്കിംഗ് ഗ്രൂപ്പ് നിർദ്ദേശങ്ങളൊന്നും സമർപ്പിച്ചിട്ടില്ല. സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും, കുടിവെള്ളം, ശുചിത്വം വർക്കിംഗ് ഗ്രൂപ്പിന്റെയും ശ്രദ്ധ ഈ വിഷയത്തിൽ ഉണ്ടാകേണ്ടതുണ്ട്.

## 3-9 പാലിയേറ്റീവ് കെയർ - പ്രോജക്റ്റ് നടത്തിപ്പിലെ അപാകതകൾ

2017-18 വർഷം മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

**1.** പാലിയേറ്റീവ് കെയർ മാർഗ്ഗ രേഖ സ.ഉ.(സാ.ധാ.)നം.3217/2015/ത.സ്വ.ഭ.വ/29.10.2015 ഖണ്ഡിക 2.5.6 പ്രകാരം രോഗികളുടെ പേരു വിവരം തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്തിട്ടില്ല. ഇതിന്റെ വിവരം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.27/21.03.19 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

**2.** ഹോംകെയർ രജിസ്റ്റർ പരിപാലിക്കുന്നതിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

(എ) പാലിയേറ്റീവ് ഹോംകെയർ രജിസ്റ്ററിൽ ഹോംകെയറിനു പോകുന്ന തീയതികൾ വ്യക്തമായി രേഖപ്പെടുത്തുന്നില്ല,

(ബി) ഖണ്ഡിക 2.6.3-(5),(6) പ്രകാരം ഓരോ ദിവസത്തെയും ഹോംകെയറിനു ശേഷം തൊട്ടടുത്ത ദിവസം ഹോം കെയർ രജിസ്റ്ററിൽ രേഖപ്പെടുത്തൽ വരുത്തി മെഡിക്കൽ ഓഫീസർക്ക് സമർപ്പിച്ച് അംഗീകാരം നേടേണ്ടതാണെന്ന നിർദ്ദേശം പാലിക്കുന്നില്ല.

**3**. ഖണ്ഡിക 2.6.2 പ്രകാരം കൂടുതൽ പരിചരണം ആവശ്യമുള്ള 8 രോഗികളെയെങ്കിലും ഒരു ദിവസം സന്ദർശിക്കേണ്ടതുണ്ട്. ആയത് പാലിച്ചുകാണുന്നില്ല. ഉദാ. ഹോംകെയർ രജിസ്റ്റർ പ്രകാരം 19.06.17-ന് സന്ദർശിച്ച രോഗികൾ - 5, 24.06.17-ന് 4 രോഗികൾ.

**4.** ഗൃഹ സന്ദർശനം സംബന്ധിച്ച ഹോംകെയർ രജിസ്റ്ററിലെ രേഖപ്പെടുത്തലും ലോഗ് ബുക്ക് പ്രകാരമുള്ള രേഖപ്പെടുത്തലും പൊരുത്തപ്പെടുന്നില്ല.

ഉദാ. ഹോംകെയർ രജിസ്റ്റർ പ്രകാരം 05.07.17- നു ശേഷം 17.07.17 നാണ് ഹോംകെയർ വിസിറ്റ് നടത്തിയിട്ടുള്ളത്. ലോഗ് ബുക്ക് പ്രകാരം 06.07.17-23 കി.മി., 10.07.17-24കി.മി., 11.07.17-28കി.മി. , 12.07.17-28 കി.മി, 13.07.17-22കി.മി. എന്നീ യാത്രകൾ നടത്തിയതായി കാണുന്നു.

ഹോംകെയർ രജിസ്റ്റർ പ്രകാരം 30.08.17-നു ശേഷം 16.09.17-നാണ് ഹോംകെയർ വിസിറ്റ് നടത്തിയിട്ടുള്ളത്. ലോഗ് ബുക്ക് പ്രകാരം 01.09.17-25കി.മി., 02.09.17-27കി.മി., 06.09.17-26കി.മി., 07.09.17-27കി.മീ, 08.09.17-26 കി.മി., 11.09.17-28കി.മി.,13.09.17-92കി.മി., 14.09.17-25കി.മീ., 15.09.17-26കി.മീ. ഈ വിഷയത്തിൽ കൺട്രോളിംഗ് ഓഫീസറുടെ പ്രത്യേക ശ്രദ്ധ ഉണ്ടാകേണ്ടതുണ്ട്.

**5.** പാലിയേറ്റീവ് കെയർ വാഹനം(KL-16 N 5292) - പരിപാലനത്തിലെ അപാകങ്ങൾ

(എ) വാഹനത്തിന്റെ ടാങ്ക് കപ്പാസിറ്റി, ഇന്ധനം നിറയ്ക്കുന്നതിന്റെ വിവരങ്ങൾ എന്നിവ ലോഗ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല.

(ബി) വാഹനത്തിന്റെ ഇന്ധനക്ഷമത വർഷാവർഷം പരിശോധന നടത്തി ലോഗ് ബുക്കിൽ രേഖപ്പെടുത്തൽ വരുത്തിയിട്ടില്ല.

(സി) ഇന്ധനം നിറയ്ക്കുന്ന സാഹചര്യങ്ങളിൽ Full tank നിറയ്ക്കണമെന്ന നിർദ്ദേശം പാലിക്കുന്നില്ല. ഉദാ. 01.04.17-8.25 litre, 30.08.17-7.78litre, 07.06.17-16.37litre. എന്നിങ്ങനെയാണ് ഇന്ധനം നിറച്ചിട്ടുള്ളത്. കൺട്രോളിംഗ് ഓഫീസറായി ലോഗ് ബുക്ക് പരിശോധന നടത്തി മേലൊപ്പ് വച്ചിട്ടുള്ള മെഡിക്കൽ ഓഫീസർ ഈ വിഷയത്തിൽ ശ്രദ്ധ പുലർത്തേണ്ടതുണ്ട്.

ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് അന്വേഷണം നം.27/22.03.17 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 3-10 പാലിയേറ്റീവ് കെയർ പ്രോജക്ട് രൂപീകരണം - മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല

(എ) പാലിയേറ്റീവ് കെയർ മാർഗ്ഗരേഖ സ.ഉ.(സാ.ധാ.)നം.3217/2015/ത.സ്വ.ഭ.വ/29.10.2015 ഖണ്ഡിക 2.10.6 പ്രകാരം പാലിയേറ്റീവ് പ്രവർത്തനങ്ങൾക്കായി തദ്ദേശസ്വയംഭരണ സ്ഥാപനം ഓരോ സാമ്പത്തിക വർഷത്തേക്കും ഒരു പ്രോജക്ട് മാത്രമേ തയ്യാറാക്കാവൂ. വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പാലിയേറ്റീവ് പ്രവർത്തനങ്ങൾ നിർവ്വഹിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. 2017-18 സാമ്പത്തിക വർഷം മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നിർവ്വഹണം നടത്തിയിട്ടുള്ള പ്രോജക്ടുകളിൽ പാലിയേറ്റീവ് പ്രവർത്തനങ്ങൾക്കായി ചുവടെ ചേർക്കുന്ന പ്രോജക്ടുകൾ രൂപീകരിച്ചിട്ടുണ്ട്.

| ക്രമ നം. | പ്രോജക്ട്/നം | അടങ്കൽ | ചെലവ് |
|---|---|---|---|
| 1 | പാലിയേറ്റീവ് കെയർ– 87/18(new) | 630000/- (വി.ഫ.-സാധാ.) | 624539/- |
| | | 100000/- (തനത് ഫണ്ട്) | 100000/- |
| 2 | പാലിയേറ്റീവ് കെയർ– 135 (SO) | 9379/- (വി.ഫ.) | 0 |
| | | 271428/-(ബ്ളോക്ക് പ.) | 0 |

മേൽ സർക്കാർ മാർഗ്ഗരേഖ ഖണ്ഡിക 2.10.6 പ്രകാരം പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾക്കായി സ്പിൽ ഓവർ പ്രോജക്ട് അനുവദനീയമല്ല. ബ്ലോക്ക് പഞ്ചായത്ത് വിഹിതം വകയിരുത്തി സ്പിൽ ഓവർ പ്രോജക്ട് രൂപീകരിക്കാനിടയായ സാഹചര്യത്തിന്മേൽ വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.35/23.03.2019-ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

ഒരു സാമ്പത്തിക വർഷം സംയുക്ത പ്രോജക്ടിനത്തിൽ മറ്റു തദ്ദേശ സ്ഥാപനങ്ങളിൽ നിന്ന് ലഭിക്കുന്ന വിഹിതം പ്രസ്തുത സാമ്പത്തിക വർഷം ചെലവഴിക്കാത്ത പക്ഷം അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ തിരികെ അടവാക്കേണ്ടതാണ്. സ്പിൽ ഓവറായി ബ്ലോക്ക് പഞ്ചായത്ത് വിഹിതം വകയിരുത്തി പ്രോജക്ട് രൂപീകരിച്ചിട്ടുള്ളതിൽ നിന്ന് കഴിഞ്ഞ വർഷം ബാക്കി വന്ന ബ്ലോക്ക് പഞ്ചായത്ത് വിഹിതം തിരികെ അടവാക്കിയിട്ടില്ല എന്ന് വ്യക്തമാകുന്നു.

(ബി) മേൽ സർക്കാർ മാർഗ്ഗരേഖ ഖണ്ഡിക 2.6.5 പ്രകാരം പാലിയേറ്റീവ് കെയറിനു വേണ്ടിയോ ആംബുലൻസ് സർവ്വീസിനു വേണ്ടിയോ തദ്ദേശ സ്വയംഭരണ സ്ഥാപനം വാങ്ങിയിട്ടുള്ളതോ, സൗജന്യമായി ലഭിച്ചിട്ടുള്ളതോ ആയ വാഹനം HMC -യ്ക്ക് കൈമാറാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. പഴയകുന്നുമ്മേൽ ഗ്രാമപഞ്ചായത്തിൽ പാലിയേറ്റീവ് ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന വാഹനം സംബന്ധിച്ച വിശദാംശം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.35/23.03.17) മറുപടി ലഭ്യമാക്കിയിട്ടില്ല. പാലിയേറ്റീവ് കെയർ വാഹനങ്ങളുടെ ഉപയോഗം സംബന്ധിച്ച് സ.ഉ.(സാ.ധാ.)നം.3217/2015/ത.സ്വ.ഭ.വ/29.10.2015 നമ്പർ ഉത്തരവിലെ നിർദ്ദേശങ്ങൾ നടപ്പിൽ വരുത്താൻ നടപടി സ്വീകരിക്കേണ്ടതാണ്. 2017-18 സാമ്പത്തിക വർഷം രോഗപ്രതിരോധ പ്രവർത്തനങ്ങൾക്ക് വാഹനം വാടകയ്ക്കെടുക്കുന്നതിനായി 16,800/- രൂപ ചെലവഴിച്ചിട്ടുള്ള സാഹചര്യത്തിൽ, സർക്കാർ മാർഗ്ഗനിർദ്ദേശ പ്രകാരം വാഹനം ഉപയുക്തമാക്കുന്ന പക്ഷം, പാലിയേറ്റീവ് കെയർ ആവശ്യങ്ങൾക്ക് ഉപയോഗിക്കാത്ത ദിവസങ്ങളിൽ രോഗപ്രതിരോധ പ്രവർത്തനങ്ങൾക്ക് വാഹനം ഉപയോഗപ്പെടുത്താവുന്നതും രോഗപ്രതിരോധ പ്രവർത്തനങ്ങൾക്ക് വാഹനം വാടകയ്ക്കെടുക്കുന്നതിലെ ചെലവ് കുറയ്ക്കാവുന്നതുമാണ്.

## 3-11 അങ്കണവാടി പോഷകാഹാര വിതരണം മോണിറ്റർ ചെയ്യുന്നില്ല

2017-18ൽ ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പാക്കിയ പദ്ധതി നം. SO45/18 – അങ്കണവാടി പോഷകാഹാരം (എസ്.സി.പി), SO03/18 - അങ്കണവാടി പോഷകാഹാരം (ജനറൽ), എന്നീ പദ്ധതികളിൽ യഥാക്രമം 5,44,400/- രൂപ, 17,15,245/- രൂപ വീതം അടങ്കൽ വയ്ക്കുകയും മുഴുവൻ തുകയും ചെലവഴിക്കുകയും ചെയ്തു. ഈ പദ്ധതികളിൽ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കൽ, ആഹാരസാധനങ്ങൾ വാങ്ങൽ,

ആഹാരസാധനങ്ങൾ പാകം ചെയ്ത് വിതരണം നടത്തൽ എന്നീ ഘട്ടങ്ങളും ആരോഗ്യ പോഷണ നിലവാരം, ക്വാളിറ്റി, വില, പോഷകമൂല്യം, അളവ് എന്നീ ഘടകങ്ങളും സാമൂഹ്യക്ഷേമ വർക്കിംഗ് ഗ്രൂപ്പ് മോണിറ്ററിംഗ് നടത്തുമെന്നും പ്രോജക്ടിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ വർക്കിംഗ് ഗ്രൂപ്പ് മിനിറ്റ്സിൽ ഇവ മോണിറ്ററിംഗ് ചെയ്തത് സംബന്ധിച്ച് പരാമർശങ്ങളൊന്നുമില്ല. 2.6.2017 ലെ സർക്കാർ ഉത്തരവ് സ.ഉ.(ആർ.ടി) നം. 1830/2017/തസ്വഭവ ഖണ്ഡിക 3.3.2 പ്രകാരം പോഷകാഹാര പദ്ധതിയുടെ നടത്തിപ്പ് മോണിറ്റർ ചെയ്യേണ്ട ചുമതല ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിക്കാണെങ്കിലും പ്രസ്തുത കമ്മിറ്റിയും മോണിറ്ററിംഗ് നിർവ്വഹിച്ചിട്ടില്ല. എന്നാൽ ALMSC ഇക്കാര്യങ്ങൾ മോണിറ്റർ ചെയ്യുന്നുണ്ടെന്ന് ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം 21/21.03.2019 ന് നൽകിയ മറുപടിയിൽ ഐ.സി.ഡി.എസ് സൂപ്പർവൈസർ വ്യക്തമാക്കിയിട്ടുണ്ട്. അങ്കണവാടികളുടെ പോഷകാഹാരവിതരണം മോണിറ്റർ ചെയ്യാൻ ചുമതലയുള്ള സാമൂഹ്യക്ഷേമം വർക്കിംഗ് ഗ്രൂപ്പും മേൽനോട്ട ചുമതലയുള്ള ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും ശ്രദ്ധിക്കേണ്ടതുണ്ട്.

## 3-12 കട്ടിൽ വാങ്ങൽ പ്രോജക്ട്" - ജി എസ് ടി നല്കിയതിൽ പിഴവ്

പ്രോജക്ട് നം. SO048/18 – വൃദ്ധർക്ക് തടിക്കട്ടിൽ വാങ്ങി നൽകൽ (എസ്.സി.പി) പദ്ധതി പ്രകാരം കട്ടിൽ വാങ്ങിയിരിക്കുന്നത് പ്ലാസാ എന്റർപ്രൈസസ് എന്ന സ്ഥാപനത്തിൽ നിന്നാണ്. പ്ലാസാ എന്റർപ്രൈസസ് "കോമ്പോസിഷൻ ടാക്സബിൾ പേർസൺ" ആയതിനാൽ വിതരണത്തിന്മേൽ നികുതിയീടാക്കാൻ ഈ സ്ഥാപനത്തിന് കഴിയില്ല. എന്നാൽ 26.03.2018 ന് സ്ഥാപനം ലഭ്യമാക്കിയ ഇൻവോയിസ് നം. എ37 പ്രകാരം പ്രസ്തുത സ്ഥാപനം 18% നികുതിയീടാക്കിയിരിക്കുന്നു. ഇത് കാരണം 44,863/- രൂപ അധികമായി ചെലവായി. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറി നം 23/21.03.2019 ന് പ്രസ്തുത കാര്യം മേലിൽ ശ്രദ്ധിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ചരക്ക് സേവന നികുതി നിർദ്ദേശങ്ങൾ പാലിച്ച് പ്രോജക്ട് നിർവഹണം നടത്താൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-13 ക്യാരിബാഗ് നിർമ്മാണ യൂണിറ്റ് - അപാകങ്ങൾ

2017–18 ൽ വി ഇ ഒ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ 4,50,000/- രൂപ അടങ്കലും ചെലവും ഉള്ള പദ്ധതി നമ്പർ SO 183/18 (ക്യാരിബാഗ് നിർമ്മാണ യൂണിറ്റ്) ൽ ചുവടെപ്പറയുന്ന അപാകങ്ങൾ ഉണ്ട്.

(i) സ്നേഹതീരം പേപ്പർ ബാഗ് യൂണിറ്റ് ആരംഭിക്കുന്നതിനാണ് 28.03.2018 ന് ബിൽ നം 10/17-18 പ്രകാരം സബ്സിഡിയായ 1,60,000/- രൂപ യൂണിയൻ ബാങ്കിന്റെ കിളിമാനൂർ ശാഖയിലെ സ്നേഹതീരം പേപ്പർ ബാഗ് യൂണിറ്റിന്റെ അക്കൗണ്ടിലേയ്ക്കാണ് (നമ്പർ 686301980050000) ട്രാൻസ്ഫർ ചെയ്തിരിക്കുന്നത്. സ്ഥാപനം പദ്ധതിയ്ക്കായി സമർപ്പിച്ചിരിക്കുന്ന പ്രോജക്ടും പേപ്പർ ബാഗ് നിർമ്മിക്കുന്നതിനാണ്. എന്നാൽ പ്രാദേശിക പരിശോധനയിൽ തുണികൊണ്ടുള്ള ബാഗ് നിർമ്മാണമാണ് എന്ന് കണ്ടു.

(ii) സ്ഥാപനത്തിൽ കാഷ് ബുക്ക്, ഹാജർ പുസ്തകം, സ്റ്റോക്ക് രജിസ്റ്റർ എന്നിവ സൂക്ഷിച്ചിട്ടില്ല. ആയതിനാൽ പ്രോജക്ട് പ്രകാരമുള്ള മുഴുവൻ സാധനങ്ങളും സ്ഥാപനം വാങ്ങിയിട്ടുണ്ടെന്ന് ഉറപ്പുവരുത്താൻ കഴിഞ്ഞിട്ടില്ല.

പ്രവർത്തനം മെച്ചപ്പെടുത്തി പദ്ധതി ലക്ഷ്യം കൈവരിക്കാൻ ആവശ്യമായ നടപടികൾ സ്ഥാപനം അടിയന്തിരമായി കൈക്കൊള്ളേണ്ടതാണ്. ഈ ഉദ്യമത്തിൽ ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നല്കി പദ്ധതിപ്പണം പാഴാകില്ലെന്ന് ഉറപ്പാക്കാൻ പഞ്ചായത്ത് അധികൃതർ ശ്രദ്ധിക്കേണ്ടതാണ്.

# ഭാഗം-4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 50000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള ധനസഹായം | 9100 | 40900* |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 290267 | പാലിനു സബ്സിഡി | 56371 | 233896 * |

| | | | | | |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 271428 | പാലിയേറ്റീവ് കെയർ | 0 | 271428* |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 68000 | സമഗ്ര നെൽ കൃഷി വികസനം | 68000 | --- |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 251750 | മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 251750 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 20400 | ജൈവസമൃദ്ധി | 20400 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 79392 | പാലിനു സബ്സിഡി | 10600 | 68792 * |
| ജില്ലാ പഞ്ചായത്ത് | 2017-18 | 100000 | പാലിനു സബ്സിഡി | 100000 | 0 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 68000 | സമഗ്ര നെൽ കൃഷി വികസനം | 34000 | 34000 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 50000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള ധനസഹായം | 0 | 50000 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 251750 | മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 178250 | 73500 * |
| ജില്ലാ പഞ്ചായത്ത് | 2017-18 | 20400 | ജൈവ സമൃദ്ധി | 20400 | -- |
| ജില്ലാ പഞ്ചായത്ത് | 2017-18 | 30000 | പാലിനു സബ്സിഡി | 20000 | 10000 * |

* ബാലൻസ് വന്ന തുക 2017-18 സാമ്പത്തിക വർഷത്തിൽ തന്നെ ഫണ്ടിംഗ് ഏജൻസിയിലേയ്ക്ക് ഒടുക്കുവരുത്തിയിട്ടുണ്ട്.

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവഹണ ഏജൻസി | പ്രോജക്ട് വിവരം | ബിൽ നം./ തീയതി | തുക | റിമാർക്സ് |
|---|---|---|---|---|
| KWA | പ്രോജക്ട് നം. 196/18 ഊളൻകുന്ന് - മൂങ്ങാക്കുഴി കുടിവെള്ള പദ്ധതി | 1701085206 1500817716 തീ. 22.12.2017 | 800000/- (എസ്.സി.പി) | പൂർത്തിയായില്ല |
| KWA | പ്രോജക്ട് നം. 207/18 – പാണ്ടക്കുഴി കുടിവെള്ള പദ്ധതി | 17010852061 500817714 തീ. 22.12.2017 | 400000/- (എസ്.സി.പി) | -ടി- |
| KWA | പ്രോജക്ട് നം. 208/18 – കിഴക്കേ വട്ടപ്പാറ കുടിവെള്ള പദ്ധതി | 17010852061 500817713 തീ.22.12.2017 | 500000/- (എസ്.സി.പി) | -ടി- |
| KWA | 209/18 – നെല്ലിക്കുന്ന് കുടിവെള്ള പദ്ധതി | 17010852061 500817712 തീ.22.12.2017 | 502200 | -ടി- |
| KWA | 210/18 – പഴയകുന്നുമ്മേൽ കുടിവെള്ള പദ്ധതി | 17010852061 500817710 തീ.22.12.2017 | 400000 | -ടി- |

| | | | | |
|---|---|---|---|---|
| KWA | 211/18 – മാവക്കുഴി കുടിവെള്ള പദ്ധതി | 17010852061 500818435 തീ.22.12.2017 | 400000 | -ടി- |
| KSEB | 70/18 – വിവിധ റോഡുകളിൽ ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 33/17-18 തീ.12.03.18<br>7/17-18 തീ.21.8.17 | 97933/-<br>4871/-<br>97055/- | -ടി- |
| KWA | 138/18 – ജലശ്രീ | 25/17-18 തീ. 9.1.18 | 100000/- | -ടി- |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ഉദ്ദേശ്യം | ഉത്തരവ് നം./തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻ വർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവന പദ്ധതി | സ.ഉ (സാധാ)നം.306/ 11/ ത.സ്വ.ഭ.വ തീയതി 07.12.11 | 1,14,08,753/- | 13,71,473/- | 12,60,984/- | - | 1,10,489/- |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നം. / തീയതി |
|---|---|---|---|---|
| 1999-2000 | 3 | 6959 | ശ്രീ. കെ. അനന്തൻ | 698522/17.3.2017 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല

## 4-8 ചാർജ്/സർചാർജ് നടപടികളുടെ വിവരം

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | സർചാർജ്ജ് വിവരം | രസീത് നം. / തീയതി |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 2010-2011<br>2011-12 | 3.1 | 46751 | ശ്രീ. അനീഷ് എസ്.എസ്.<br>വി.ഇ.ഒ. | എൽ.എഫ്.1215/<br>സ്പെ.സെൽ/<br>സി.എസ്.സി./<br>ബി1/2015(1) | 8.8.2017 |

## 4-9 ഓഡിറ്റ് പ്രത്യവലോകനം

**(എ)** സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 72472227.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 74599302.00 |
| വരവിനങ്ങളിലെ നഷ്ടം | : | 10605.00 |
| ചെലവിനങ്ങളിലെ നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 14283.00 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | -- |

**(ബി)** പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 2-10 | 10605 | ശ്രീ. മഹേഷ്.റ്റി.എസ്<br>അസിസ്റ്റന്റ് എഞ്ചിനിയർ, |
| 3-6 | 14283 | ശ്രീ. മഹേഷ്.റ്റി.എസ്<br>അസിസ്റ്റന്റ് എഞ്ചിനിയർ, |

**(സി)** ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഇല്ല

**(ഡി)** കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

**(ഇ)** നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

**(എഫ്)** റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് /തടസ്സപ്പെടുത്തലിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| ക്രമ നം. | പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗികവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|---|
| 1 | ശ്രീ. മഹേഷ്.റ്റി.എസ്<br>അസിസ്റ്റന്റ് എഞ്ചിനിയർ, | | തേജസ്,<br>മാവേലി നഗർ, വാമനപുരം |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 2000-01 | കെ.എസ്.എ.റ്റി.വി.എം /ജി.പി 9/ 229/18<br>തീയതി 05.06.2018 | 3 | |

| | | | |
|---|---|---|---|
| 2001-02 | കെ.എസ്.എ.റ്റി.വി.എം /ജി.പി 9/ 229/18 തീയതി 05.06.2018 | 5 | |
| 2003-04 | കെ.എസ്.എ.റ്റി.വി.എം /ജി.പി 9/ 229/18 തീയതി 05.06.2018 | 7 | |
| 2004-05 | കെ.എസ്.എ.റ്റി.വി.എം /ജി.പി 9/ 229/18 തീയതി 05.06.2018 | 4 | |
| 2006-07 | കെ.എസ്.എ.റ്റി.വി.എം /ജി.പി 9/ 229/18 തീയതി 05.06.2018 | 10 | |
| 2007-08 | കെ.എസ്.എ.റ്റി.വി.എം /ജി.പി 9/ 229/18 തീയതി 05.06.2018 | 4 | |
| 2008-09 | കെ.എസ്.എ.റ്റി.വി.എം /ജി.പി 9/ 229/18 തീയതി 05.06.2018 | 6 | |
| 2009-10 | കെ.എസ്.എ.റ്റി.വി.എം /ജി.പി 9/ 229/18 തീയതി 05.06.2018 | 3 | |
| 2010-11& 2011-12 | കെ.എസ്.എ.റ്റി.വി.എം /ജി.പി 9/ 229/18 തീയതി 05.06.2018 | 7 | |
| 2012-13 | കെ.എസ്.എ.റ്റി.വി.എം /ജി.പി 9/ 229/18 തീയതി 05.06.2018 | 9 | |
| 2013-14 | കെ.എസ്.എ.റ്റി.വി.എം /ജി.പി 9/ 229/18 തീയതി 05.06.2018 | 7 | |
| 2014-15 | എൽ.എഫ്.റ്റി.ഡി /ജി.പി.9/1313/16 തീയതി 30.07.16 | 15 | |
| 2015-16 | കെ.എസ്.എ.റ്റി.വി.എം/ജി.പി 9/ 2128/16 തീയതി 15.12.2016 | 10 | |
| 2016-17 | കെ.എസ്.എ.റ്റി.വി.എം /ജി.പി 9/770/17 തീയതി 21.08.2017 | 20 | |

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

*edited BL*

## <u>അനുബന്ധം - 1</u>

### <u>ഓഡിറ്റ് സർട്ടിഫിക്കറ്റ്</u>

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പ്, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തിരുവനന്തപുരം ജില്ലയിലെ പഴയകുന്നുമ്മേൽ ഗ്രാമപഞ്ചായത്തിന്റെ **2017-18** സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ, എന്റെ അഭിപ്രായത്തിൽ പഴയകുന്നുമ്മേൽ ഗ്രാമ പഞ്ചായത്തിന്റെ **2017-18** -ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകൾ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു.

ഒപ്പ്
ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്